കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

## കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

2016-17

## ഓഡിറ്റ് റിപ്പോർട്ട്

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം
പാലക്കാട്

e-mail:dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി10/1493/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം
പാലക്കാട്, തീയതി-16.09.2017

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷങ്ങളിലെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

റിപ്പോർട്ടിലെ ഭാഗം 2, 3 ലെ ഖണ്ഡികയിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ
3. കാര്യാലയ പകർപ്പ്

നം.കെ.എസ്.എ-പികെഡി10/1493/2017 തീയതി-16.09.2017

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. ഗ്രാമപഞ്ചായത്ത് 19.11.16മുതൽ 16-6-17-ാം തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ ഗ്രാമപഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.എൻ. വാസുദേവൻ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 17.6.2017 മുതൽ 22.6.2017 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി പി.ജി.ബിന്ദു ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി.സുസ്മിത.കെ.വി, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. സരിത.പി. സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. വി.കെ.രാധാകൃഷ്ണൻ ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കവിത മാധവൻ | 1.04.2016 മുതൽ 31.3.2017 വരെ |
| സെക്രട്ടറി | ശ്രീമതി.രാധിക.കെ (അസി.സെക്രട്ടറി) | 1.4.16 മുതൽ 20.12.16 വരെ |
| | ശ്രീ.എൻ.എം.ഹസ്സൻ മുഹമ്മദ് | 21.12.16 മുതൽ 31.3.2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. റോയ്.എം.കെ | 1.04.2016 മുതൽ 31.03.2017 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.രാധിക | 1.04.2016 മുതൽ 31.03.2017 വരെ |
| കൃഷി ഓഫീസർ | ശ്രീ.കെ.എം. റസ്സൽ ഹാരിസ് | 1.04.2016 മുതൽ 31.03.2017 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി.പ്രമീള.എ | 1.04.2016 മുതൽ 31.03.2017 വരെ |
| വെറ്ററിനറി സർജൻ | ഡോ.സി.വി. സജിത് കുമാർ | 1.04.2016 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | ഡോ.ഷീന സ്റ്റാർലിൻ | 1.04.2016 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ.നിധിൻ പോൾ.എം | 1.04.2016 മുതൽ 27.1.16 വരെ |
| | ഡോ. ബി.വിജയകുമാർ | 28.1.2016 മുതൽ 31.3.17 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ധന്യ മാധവ് | 1.04.2016 മുതൽ 31.3.17 വരെ |
| വി.ഇ.ഒ. 1 | ശ്രീ.സലീം.എം.കെ | 1.04.2016 മുതൽ 4.10.16 വരെ |
| | ശ്രീ. ദീലീപ്.കെ | 5.10.16 മുതൽ 31.03.2017 വരെ |
| വി.ഇ.ഒ. 11 | ശ്രീ.സലീം.എം.കെ | 1.04.2016 മുതൽ 31.03.2017 വരെ |
| ഹെഡ്മാസ്റ്റർ ജി.എൽ. പി.എസ്. | ശ്രീമതി.ചിന്നമ്മ.പി.പി | 1.04.2016 മുതൽ 30.06.2016 വരെ |

| | | |
|---|---|---|
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി.ഉമൈബ | 1.04.2016 മുതൽ 22.02.2017 വരെ |
| | ശ്രീമതി. മീന റസ്സൽ | 23.02.2017 മുതൽ 31.03.2017 വരെ |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 22-3-2016 തിയതിയിലെ തീരുമാനം 1 പ്രകാരം അംഗീകരിച്ചു. പ്രതീക്ഷിത വരവ് ₹ 132942050 (മുന്നിരിപ്പ് ഉൾപ്പെടെ ആകെ വരവ് ₹ 144966989) ചെലവ് ₹ 138372585 നീക്കിയിരിപ്പ് 6594404 /- രൂപയാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | 13-6-2017 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|
| 2016-17 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിട്ടുണ്ട് |

## 1-4 സാമ്പത്തിക വിശകലനം

| | 2016-17 |
|---|---|
| മുന്നിരിപ്പ് | 17744026 |
| വരവ് | 73257129 |
| ആകെ | 91001155 |
| ചെലവ് | 68595613 |
| നീക്കിയിരിപ്പ് | 22405542 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻ ബാക്കി | തൻ വർഷ വരവ് | ആകെ | ചെലവ് | വിനിയോഗിക്കാത്ത തുക | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസന ഫണ്ട് പൊതുവിഭാഗം | 0 | 21816642 | 21816642 | 14363683 | 7452959 | 66 |
| വികസന ഫണ്ട് എസ്.സി.പി | 0 | 12042318 | 12042318 | 8313632 | 3728686 | 69 |
| വികസന ഫണ്ട്' ടി.എസ്..പി | | 85164 | 85164 | 85000 | 164 | 100 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 17693871 | 17693871 | 8502680 | 9191191 | 48 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | 0 | 5741589 | 5741589 | 1271367 | 4470222 | 22 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 12235508 | 12235508 | 7045056 | 5190452 | 58 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 5018238 | 5018238 | 3136106 | 1882132 | 62.5 |
| പെർഫോമൻസ് ഗ്രാന്റ് (സ്റ്റേറ്റ്) | 0 | 1684008 | 1684008 | 0 | 1684008 | 0 |
| NREGS | 167 | 31685101 | 31685268 | 31685198 | 0 | 100 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 206 | 100320142 | 147 | 44944932 | 59 |

അംഗീകാരം ലഭ്യമായ പ്രൊജക്റ്റുകളിൽ 71% പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുകയുടെ 45% മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

# 1-7 തനത് വരുമാനം

| ഇനം | മുൻവർഷ വരവ് (ഓഡിറ്റ് റിപ്പോർട്ട് പ്രകാരം | തൻവർഷം വരവ് | വർദ്ധനവ്/ കുറവ് | വർദ്ധനവ്/ കുറവ് ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 2686907 | 4941151 | 2254244 | 84% |
| നികുതിയേതര വരവുകൾ | 116477 | 380172 | 263695 | 226% |
| മറ്റു വരവുകൾ | 877822 | 716666 | -161156 | -18.36% |

# 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ | തീരുമാനം എടുക്കാത്തവ |
|---|---|---|---|---|---|
| 1 | കർഷക തൊഴിലാളി പെൻഷൻ | 55 | 43 | 12 | 0 |
| 2 | വിധവാ പെൻഷൻ | 147 | 103 | 9 | 35 |
| 3 | വികലാംഗ പെൻഷൻ | 40 | 27 | 3 | 10 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 4 | 1 | 0 | 3 |

| | | | | | |
|---|---|---|---|---|---|
| 5 | വാർദ്ധക്യകാല പെൻഷൻ | 930 | 673 | 90 | 167 |

പെൻഷൻ അപേക്ഷകൾ തീർപ്പാക്കുന്നതിൽ 60 ദിവസത്തിലധികം കാലതാമസം ഉണ്ടാകുന്നുണ്ട്. 31-3-17 നകം ലഭിച്ച അപേക്ഷയിൽ നാളിതുവരെ തീരുമാനമെടുത്തിട്ടില്ല. സമയപരിധിക്കകം അപേക്ഷകളിൽ പലതിലും തുടർ നടപടി സ്വീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994 ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 20-6-2017 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 7303/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16-6-17 | 5/17 | 12/16 ലെ റിപ്പോർട്ട് 23.5.17 ന് ലഭിച്ച |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.5.2008 to 26.5.2008 | 1997-98 to 2007-2008 | 8.7.2008 |

# ഭാഗം-2

# വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ബി എസ് എൻ എൽ -ന്റെ സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

2016-17 വർഷം ബി എസ് എൻ എൽ -ന്റെ സ്ഥാപന തൊഴിൽനികുതി ഒന്നും രണ്ടും അർദ്ധ വർഷങ്ങളിലേത് ഈടാക്കിയിട്ടില്ല. സ്ഥാപന തൊഴിൽനികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം. 6/21.6.17-ലൂടെ ഈ വിവരം പഞ്ചായത്തിനെ അറിയിച്ചിട്ടുണ്ട്.

## 2-2 പൗൾട്രി ഫാമുകളുടെ ലൈസൻസ് -മതിയായ മാലിന്യ നിർമ്മാർജ്ജന ക്രമീകരണം ഉറപ്പു വരുത്തേണ്ടതാണ്

ഈ സാമ്പത്തിക വർഷത്തിൽ ലൈവ് സ്റ്റോക്ക് ഫാം ലൈസൻസ് പുതുക്കുന്നതിനയി താഴെ പറയുന്ന അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

| ഉടമസ്ഥന്റെ പേര് | ഫാമിന്റെ തരം, മൃഗങ്ങളുടെ എണ്ണം | ലഭ്യമായ സ്ഥലവിസ്തൃതി |
|---|---|---|
| സിറിയക് ചാക്കോ, വട്ടംകണ്ടത്തിൽ, ഇളവംപാടം | ക്ലാസ്-3, പൗൾട്രി ഫാം, 1000 എണ്ണം | 50 സെന്റ് |
| ഷെറീഫ് കളത്തിൽ, പുന്നപ്പാടം | ക്ലാസ്-3, പൗൾട്രി ഫാം, 1000 എണ്ണം | 50 സെന്റ് |
| സജി, പൂന്തൂർ വീട് ചുണ്ണാമ്പുകാരൻകുളമ്പ്, കോരഞ്ചിറ | ക്ലാസ്-4, പൗൾട്രി ഫാം, 5000 എണ്ണം | 75 സെന്റ് |
| സാന്റോ.എ.എം അരിമ്പൂർ, പാറളം | പന്നി ഫാം, 150 എണ്ണം | 75 സെന്റ് |
| സുബൈദ,w/o late അബ്ബാസ് | പശു-10 എണ്ണം, ആട്-15 എണ്ണം കോഴി-300 എണ്ണം | 2 ഏക്കർ |

2012 ലെ കേരള പഞ്ചായത്ത് രാജ് ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ ചട്ടങ്ങൾ പ്രകാരം ഏതെങ്കിലും പ്രത്യേക വിഭാഗത്തിൽ ഉള്ള മൃഗങ്ങൾക്കോ പക്ഷികൾക്കോ വേണ്ടി ഒരു ലൈവ് സ്റ്റോക്ക് ഫാമോ ഒരു സംയോജിത ഫാമോ സ്ഥാപിക്കുന്നതിനോ നടത്തിക്കൊണ്ടു പോകുന്നതിനോ കെട്ടിടങ്ങളോ ഷെഡ്ഡുകളോ ഉള്ളതോ ഇല്ലാത്തതോ ആയ, ആവശ്യമായ ഭൂമിയുടെ ഏറ്റവും കുറഞ്ഞ വിസ്തൃതി നിർണ്ണയിച്ചിട്ടുണ്ട്. ആയതു പ്രകാരം കന്നുകാലി ഒന്നിന് 1 സെന്റ് സ്ഥലവും പന്നി രണ്ടെണ്ണത്തിന് 1 സെന്റ് സ്ഥലവും കോഴി 15 എണ്ണത്തിന് 1 സെന്റ് സ്ഥലവും ആവശ്യമാണ്. എന്നാൽ ഈ ചുരുങ്ങിയ സ്ഥലവിസ്തൃതി ഉറപ്പു വരുത്താതെയാണ് എല്ലാ ഫാമുകൾക്കും ലൈസൻസ് നൽകിയിരിക്കുന്നത്. അപേക്ഷകൾ പരിശോധിച്ചതിൽ

കെട്ടിടങ്ങളുടെ ഷെഡ്ഡിന്റെ തരം മാത്രമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. തറ വിസ്തീർണ്ണം, മാലിന്യ നിർമ്മാർജ്ജന ക്രമീകരണം, ചുറ്റുവട്ടത്തുള്ള ജനവാസത്തെപ്പറ്റിയുള്ള വിവരണം, ഇവയൊന്നും രേഖപ്പെടുത്തിട്ടില്ല. മാത്രമല്ല ലൈവ് സ്റ്റോക്ക് ഫാമിന് ആദ്യമായി അനുമതി നൽകിയപ്പോൾ ഏർപ്പെടുത്തിയ എല്ലാ നിബന്ധകളും പാലിച്ചുകൊണ്ടാണ് ഫാം തുടർന്നു നടത്തിക്കൊണ്ടു പോകുന്നതെന്ന് സെക്രട്ടറിക്ക് ഉറപ്പു വരുത്തുന്നതിനാവശ്യമായ അന്വേഷണ റിപ്പോർട്ടും അപേക്ഷകളോടൊപ്പം ഇല്ല. മാലിന്യ നിർമ്മാർജ്ജനത്തിനായി ശരിയായ ക്രമീകരണം ഉറപ്പു വരുത്തിയതിനു ശേഷം മാത്രം ലൈസൻസ് പുതുക്കി നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 2-3 ക്വാറികളുടെ പ്രവർത്തനം-സുരക്ഷാ ക്രമീകരണങ്ങൾ ഉറപ്പു വരുത്തണം

പഞ്ചായത്ത് പരിധിയിൽ താഴെ പറയുന്ന 3 വൻകിട ക്വാറികൾ പ്രവർത്തിക്കുന്നതായി കാണുന്നു.

1. പെന്റാ ഗ്രാനൈറ്റ്സ്, നീതിപുരം, ഇളവമ്പാടം
2. കൊട്ടുകാപ്പള്ളി സാന്റ് &മെറ്റൽസ്, അമ്പിട്ടൻ തരിശ്
3. അമർ ക്രഷർ യൂണിറ്റ്,കോരഞ്ചിറ

ക്വാറികളുടെ ലൈസൻസ് ഫയലുകൾ പരിശോധിച്ചതിൽ ലൈസൻസ് നൽകുമ്പോൾ അഗ്നിശമന സേനാ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടില്ല എന്നു കാണുന്നു. ക്വാറികളുടെ പ്രവർത്തനത്തിന് മലിനീകരണ നിയന്ത്രണ ബോർഡിൽ നിന്നുള്ള നിരാക്ഷേപപത്രം, ഫാക്ടറി ലൈസൻസ്, സ്ഫോടക വസ്തുക്കൾ കൈകാര്യം ചെയ്യുന്നതിനുള്ള അനുമതി സാക്ഷ്യപത്രം, തുടങ്ങിയവയ്ക്കു പുറമെ 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ, ചട്ടം 12 ഉപചട്ടം 5 പ്രകാരം അഗ്നിശമന സേനാ വകുപ്പിൽ നിന്നുള്ള ക്ലിയറൻസ് സർട്ടിഫിക്കറ്റ് കൂടി ആവശ്യമുണ്ട്. ഈ സാഹചര്യത്തിൽ ആവശ്യമായ സുരക്ഷാ ക്രമീകരണങ്ങൾ കൃത്യമായി പരിശോധിച്ച് ഉറപ്പു വരുത്തുന്നതിയതിനു ശേഷം മാത്രം ലൈസൻസ് നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

# 2-4 മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കണം

ഗ്രാമപഞ്ചായത്ത് പരിധിയിൽ ആകെ 14 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട്. താഴെ പറയുന്ന മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 170280 രൂപ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | വാർഡ് നം./ കെട്ടിട നം | ടവറിന്റെ ഉടമ | ഇൻസ്റ്റ ലേഷൻ നടത്തിയ വർഷം | ആകെ വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ ഏതു വർഷം മുതൽ |
|---|---|---|---|---|---|
| 1 | 8/127 കാക്കഞ്ചേരി | ഇൻഡസ് ടവർ, പാലാരിവട്ടം, കൊച്ചി | 2009-10 | 8033 | 13232 രൂപ, 2015-16 മുതൽ |
| 2 | 10/344 പാലക്കുഴി | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, പാലക്കാട് | 2003-04 | 7552 | 30208 രൂപ, 2013-14 മുതൽ |
| 3 | 15/533 മൂലങ്കോട് | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ്, കുണ്ടന്നൂർ, മാറാട്, കൊച്ചി | 2007-08 | 8505 | 34020 രൂപ, 2013-14 മുതൽ |
| 4 | 16/374 കോരഞ്ചിറ | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, പാലക്കാട് | 2007-08 | 9450 | 37800 രൂപ, 2013-14 മുതൽ |
| 5 | 21/160 ഇളങ്കാവ് | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, പാലക്കാട് | 2010-11 | 5880 | 23520 രൂപ, 2013-14 മുതൽ |
| 6 | 10/589 പാലക്കുഴി | സബ് ഡിവിഷണൽ എഞ്ചിനീയർ, ബി.എസ്.എൻ.എൽ, പാലക്കാട് | 2003-04 | 7875 | 31500 രൂപ, 2013-14 മുതൽ |

ഗ്രാമപഞ്ചായത്തിന്റെ തനതുവരുമാനത്തിൽ വർദ്ധനവ് വരുത്തുന്നതിനായി മൊബൈൽ ടവറുകളുടെ വസ്തുനികുതി കുടിശ്ശിക എത്രയും പെട്ടെന്ന് ഈടാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം. 4/25.6.2017)

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ബിറ്റുമിൻ വാങ്ങുന്നതിന് അധികതുക നൽകിയത് തിരികെ ഈടാക്കണം

ഓഡിറ്റ് വർഷം പഞ്ചായത്ത് തുക വകയിരുത്തി അംഗീകാരം വാങ്ങിയിട്ടുള്ള 52 ടാറിംഗ് പ്രവൃത്തികളിൽ കരാറുകാർക്ക് ബിറ്റുമിൻ വാങ്ങി നൽകുന്നതിനായി താഴെ കാണും വിധം തുക പിൻവലിച്ച് ചെലവഴിച്ചിട്ടുണ്ട്.

| ബിറ്റുമിൻ-ഇനം | ബാരൽ-എണ്ണം | തുക | സ്ഥാപനം |
|---|---|---|---|
| SS-1 | 84 | 1520073 | HINDCOL, കൊച്ചി |
| RS-1 | 57 | | |
| VG-30 | 585 | 3361131 | HPCL, കൊച്ചി |
| ആകെ | 726 | 4881204 | |

ബിറ്റുമിൻ വാങ്ങുന്നതിനാവശ്യമായ ഈ തുക അസിസ്റ്റന്റ് എഞ്ചിനീയർ മുൻകൂറായി പിൻവലിച്ച് മേൽ സൂചിപ്പിച്ച സ്ഥാപനങ്ങളുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്യുകയാണുണ്ടായത്.

| ബിൻനം./തീയതി | തുക |
|---|---|
| 62/22.2.17 | 4669140 |
| 60/22.2.17 | 88715 |
| 61/23.2.17 | 73596 |
| 63/23.2.17 | 49753 |

| | |
|---|---|
| ആകെ | 4881204 |

എന്നാൽ ബിറ്റുമിൻ സപ്ളൈ ചെയ്ത സ്ഥാപനങ്ങളുടെ ബില്ലുകൾ പ്രകാരം ബിറ്റുമിന്റെ വില താഴെ പറയും പ്രകാരമാണ്.

| ബിൽനം./തീയതി | ബാരൽ-എണ്ണം | തുക | സ്ഥാപനം |
|---|---|---|---|
| 0022206/21.3.17 | 14 | 78377.01 | HPCL, കൊച്ചി |
| 0035609/15.3.17 | 60 | 340665.87 | ടി |
| 0006432/11.3.17 | 123 | 698365.04 | ടി |
| 0006433/11.3.17 | 97 | 550743.16 | ടി |
| 0006422/11.3.17 | 85 | 482609.99 | ടി |
| 0006290/11.3.17 | 60 | 340665.87 | ടി |
| 0006288/10.3.17 | 60 | 340665.87 | ടി |
| 0006250/9.3.17 | 1 | 5677.16 | ടി |
| 0006231/9.3.17 | 85 | 482609.99 | ടി |
| 0344517/21.3.17 | 2 | 14696 | HINDCOL, കൊച്ചി |
| 0344519/21.3.17 | 7 | 84268 | ടി |
| 0341977/10.3.17 | 66 | 833694 | ടി |
| 0341974/9.3.17 | 20 | 148180 | ടി |
| 0341974/9.3.17 | 11 | 132899 | ടി |
| 0341972/9.3.17 | 35 | 259315 | ടി |
| ആകെ | 726 | 4793422.56 | |

ഇതു പ്രകാരം ബിറ്റുമിൻ സപ്ലൈ ചെയ്യുന്നതിനായി മേൽ സ്ഥാപനങ്ങൾക്ക് കൂടുതൽ തുക നൽകിയിട്ടുണ്ട്. ആയതിനാൽ ആകെ അധികം നൽകിയ 87781/- (4881204 – 4793422.56) രൂപ ടി സ്ഥാപനങ്ങളിൽ നിന്നും തിരികെ ഈടാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.6.17) മറുപടി ലഭ്യമായില്ല.

## 3-2 പറശ്ശേരി അംഗൻവാടി കെട്ടിട നിർമ്മാണം -അപാകതകൾ

പറശ്ശേരി അംഗൻവാടിയുടെ നിലവിലുള്ള കെട്ടിടം അപകടാവസ്ഥയിലായതിനാൽ ആയത് പൊളിച്ചുമാറ്റി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് പ്രൊജക്റ്റ്നം. 280/15 ആയി ലോക ബാങ്ക് ഫണ്ടിൽ നിന്നും 800000/-രൂപ വകയിരുത്തിയിരുന്നു. 17.9.15 എഗ്രിമെന്റ് വെച്ച് ആരംഭിച്ച പദ്ധതിയുമായി ബന്ധപ്പെട്ട് താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. പഴയ കെട്ടിടം പൊളിച്ചുമാറ്റിയാണ് പുതിയ കെട്ടിടം നിർമ്മിക്കുന്നത്. എന്നാൽ പഴയ കെട്ടിടം പൊളിച്ചുമാറ്റിയതിനും ലഭ്യമായ സാധനങ്ങൾ വിറ്റഴിച്ചതിനും രേഖകളില്ല. ആയതിന്റെ നടപടിക്രമങ്ങൾ പാലിച്ചതായും കാണുന്നില്ല.

2. പഴയ കെട്ടിടം പൊളിച്ചു മാറ്റൽ പ്രവൃത്തിയുടെ ഹാജരാക്കിയ രേഖകൾ പ്രകാരം ഇത് 41741/- രൂപയുടെ പ്രത്യേക എസ്റ്റിമേറ്റായി തയ്യാറാക്കിയിട്ടുള്ളതാണ്. ഈ എസ്റ്റിമേറ്റിന് അംഗീകാരം വാങ്ങുകയോ കെട്ടിട നിർമ്മാണത്തിന്റെ എസ്റ്റിമേറ്റിലുൾപ്പടുത്താത്ത പൊളിച്ചു മാറ്റൽ പ്രവൃത്തി ക്വട്ടേഷൻ ചെയ്യുന്നതിനോ സാധനങ്ങൾ dispose ചെയ്യുന്നതിനോ ഭരണസമിതി തീരുമാനം ഇല്ല. പഴയ കെട്ടിടം പൊളിച്ചുമാറ്റിയത് പ്രകാരമുള്ള വസ്തുവകകൾ അളവെടുത്ത് അളവുപുസ്തകത്തിൽ രേഖപ്പടുത്തിയിട്ടില്ല. ഹാജരാക്കിയ സർവേ റിപ്പോർട്ട് പ്രകാരം ആകെ 46992/-രൂപ മൂല്യനിർണ്ണയം നടത്തിയിട്ടുള്ള പഴയ സാധനസാമഗ്രികൾ ഉണ്ട്. ഇതിൽ പഴയ കെട്ടിടം പൊളിച്ചു മാറ്റിയതിനുള്ള കൂലിച്ചെലവായി 41741/-രൂപകഴിച്ച് ബാക്കി 5251/-രൂപയാണ് സാധന സാമഗ്രികൾക്കായി കണക്കാക്കിയിരിക്കുന്നത്. എന്നാൽ കൂലിച്ചെലവിന് 41741/-രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഈ തുക ചെലവഴിച്ചതിന്റെ ഒറിജിനൽ രേഖകൾ ഹാജരാക്കിയില്ല. അസിസ്റ്റന്റ് എഞ്ചിനീയറുടെ വാക്കാലുള്ള മറുപടി പ്രകാരം സാധനസാമഗ്രികൾ പുതിയ കെട്ടിടനിർമ്മാണ പ്രവൃത്തിയുടെ കരാറുകാരൻതന്നെ ഏറ്റെടുത്തു എന്നാണ്. എന്നാൽ ഇത്തരത്തിലൊരു തീരുമാനം ഭരണസമിതി എടുക്കുകയോ കരാറുകാരനിൽ നിന്നും ഓഡിറ്റ് തീയതിവരെ തുക ഈടാക്കി അടയ്ക്കുകയോ ചെയ്തിട്ടില്ല.

3. അളവു പുസ്തകം (133/2015-16)പ്രകാരം 11/2015 ൽ അസ്ഥിവാരത്തിനുള്ള മൺപണി പൂർത്തീകരിച്ച് അളവെടുത്തിട്ടുണ്ട്. പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 31.3.16 വരെ ആവശ്യമായ സമയം ലഭ്യമായിരുന്നിട്ടും കൂടുതൽ സമയം നൽകി 20.7.16നാണ് കെട്ടിട നിർനിർമ്മാണം പൂർത്തീകരിച്ചത്. (ഫൈനൽ ബിൽ നം.8/16-17/23.1.17). കരാറുകാരന്റെ അപേക്ഷ പരിഗണിച്ച് ഭരണസമിതി അസിസ്റ്റന്റ് എഞ്ചിനീയറുടെ ശുപാർശയില്ലാതെ സമയം നീട്ടി നൽകുകയാണുണ്ടായത്. എന്നാൽ നടപടിക്രമങ്ങൾ പാലിച്ച് സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

മേൽപ്പറഞ്ഞ അപാകതകൾക്ക് വിശദീകരണം ആവശ്യപ്പട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.9/23.6.17,12/23.6.17) മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശം

1. സാധന സാമഗ്രികളുടെ വില ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

2. നടപടിക്രമങ്ങൾ പാലിക്കുന്നതിന് കരാറുകാരൻ, നിർവ്വഹണോദ്യോഗസ്ഥൻ, ഭരണസമിതി എന്നിവർ ശ്രദ്ധിക്കേണ്ടതാണ്.

# 3-3 ഇ-ടെണ്ടർ പ്രവൃത്തികളുടെ ടെണ്ടർ ഫോറങ്ങളുടെ വില പഞ്ചായത്ത് ഫണ്ടിലേക്ക് ലഭ്യമാക്കേണ്ടതാണ്

2016-17 വർഷത്തിൽ 5 ലക്ഷത്തിനു മുകളിൽ അടങ്കലുള്ള 19 പ്രവൃത്തികൾക്ക് ഇ-ടെണ്ടർ മുഖേന ടെണ്ടർ വിളിച്ചിട്ടുള്ളതായി ടെണ്ടർ ഫയൽ പ്രകാരം കാണുന്നു. ടെണ്ടർ രജിസ്റ്ററിൽ ഇവയുടെ പൂർണ്ണ വിവരങ്ങൾ ഇല്ല. ടെണ്ടർ ഫോറങ്ങളുടെ വിലയും വാറ്റും പാലക്കാട് ജില്ലാപഞ്ചായത്തിലെ എൽ.എസ്.ജി.ഡി വിഭാഗത്തിലെ എക്സിക്യൂട്ടീവ് എഞ്ചിനിയറുടെ പേരിലുള്ള അക്കൗണ്ടിലാണ് നിക്ഷേപിച്ചിട്ടുള്ളത്. ടെണ്ടർ ഫോറങ്ങളുടെ വില നാളിതുവരെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിലേക്ക് മാറ്റി നിക്ഷേപിച്ചിട്ടില്ല. വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടച്ചിട്ടില്ല. ഗ്രാമപഞ്ചായത്തിന് അർഹതപ്പെട്ട തുക ലഭ്യമാക്കുന്നതിനും വാറ്റ് തുക ഒടുക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ ടെണ്ടർ ഫോറങ്ങളുടെ തുകകൾ ഉണ്ടെങ്കിൽ ആയതും തിരികെ ലഭ്യമാക്കേണ്ടതാണ്. തൻ വർഷം ഇ-ടെണ്ടർ നടത്തിയ പ്രവൃത്തികളുടെ വിവരം (ടെണ്ടർ ഫയൽ പ്രകാരം) ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | അടങ്കൽ | ടെണ്ടർ തീയതി |
|---|---|---|---|
| 1 | പറശ്ശേരി ഉപ്പുമണ്ണ് റോഡ് പുനരുദ്ധാരണം | 874000 | 16.12.16 |
| 2 | മണിയഞ്ചിറ നാഗമ്പാറ കല്ലു കനാൽബണ്ട് റോഡ് പുനരുദ്ധാരണം | 925000 | “ |
| 3 | കോരഞ്ചിറ വാൽക്കുളമ്പ് റോഡ് റീടാറിംഗ് | 1500000 | “ |
| 4 | മാനാഞ്ചിറ കറ്റംകോട് റോഡ് പുനരുദ്ധാരണം | 675000 | “ |
| 5 | പാളയം കരിപ്പാലി റോഡ് പുനരുദ്ധാരണം | 1000000 | “ |
| 6 | പൂതനക്കയം പാലം മെയിന്റനൻസ് | 670000 | “ |
| 7 | വിവിധ അംഗൻവാടികളുടെ നവീകരണം | 1490000 | 17.3.17 |
| 8 | വിവിധ അംഗൻവാടികളുടെ മേൽക്കൂര നിർമ്മാണം,<br>ട്രസ്സ് വർക്ക് | 1450000 | “ |
| 9 | കിഴക്കഞ്ചേരി GLP സ്കൂൾ നവീകരണം | 600000 | “ |
| 10 | പഞ്ചായത്ത് ഓഫീസ് ഓഡിറ്റോറിയം നവീകരണം | 1495000 | “ |
| 11 | പാണ്ടാംകോട് തൃപ്പന്നൂർ കല്ലു റോഡ് പുനരുദ്ധാരണം | 1000000 | “ |
| 12 | വിവിധ കുടിവെള്ള പദ്ധതികളുടെ നവീകരണം | 500000 | “ |
| 13 | വിവിധ തടയണകളുടെ നവീകരണം | 1000000 | “ |

| | | | |
|---|---|---|---|
| 14 | വിവിധ വൃദ്ധ വിശ്രമ കേന്ദ്രങ്ങളുടെ നവീകരണം | 790000 | “ |
| 15 | മമ്പാട് വഴുതോട് റോഡ് പുനരുദ്ധാരണം | 700000 | 27.3.17 |
| 16 | വാൽകുളമ്പ് ചുണ്ണാമ്പുകാരൻ കുളമ്പ് കൊട്ടടി റോഡ്<br><br>പുനരുദ്ധാരണം | 1200000 | “ |
| 17 | കടപ്പാറ മണ്ണെണ്ണക്കയം റോഡ് പുനരുദ്ധാരണം | 1013855 | “ |
| 18 | കരുമനശ്ശേരി വടക്കേത്തറ റോഡ് പുനരുദ്ധാരണം | 1009758 | “ |
| 19 | കാരപ്പാടം വായനശ്ശാല കെട്ടിട നിർമ്മാണം | 1375000 | |

ഇതു സംബന്ധിച്ച നൽകിയ ഓഡിറ്റ് അന്വേഷണ (നം. 09/23-6-2017)ത്തിന് മറുപടി ലഭ്യമായില്ല. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

# 3-4 കുടിവെള്ള പദ്ധതികളുടെ നവീകരണ പ്രവൃത്തി ഭാഗികമായി മാത്രമേ ലക്ഷ്യം കൈവരിച്ചുള്ളൂ

2015-16 വാർഷിക പദ്ധതിയിലുൾപ്പെടുത്തി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം വാങ്ങി ഏറ്റെടുത്തതുമായ വയറശ്ശേരി, പ്ലാച്ചിക്കുളമ്പ്, പുത്തൻകുളമ്പ് കുടിവെള്ള പദ്ധതികളുടെ നവീകരണം എന്ന പ്രവൃത്തി (പ്രൊ.നം.215/16 )യിൽ 400000/-രൂപ വകയിരുത്തിയിരുന്നു. മൂന്നു കുടിവെള്ള പദ്ധതികളുടെ നവീകരണത്തിനായിട്ടാണ് തുക വകയിരുത്തിയിരുന്നത് എങ്കിലും 1.8.2015ൽ എഗ്രിമെന്റ് (നം.123/15-16) വെച്ച് ആരംഭിച്ചിട്ടുള്ള ഈ പദ്ധതിയുടെ ഫൈനൽ ബിൽ (93/30.3.17), അളവുപുസ്തകം (41/16-17), എന്നിവ പരിശോധിക്കുമ്പോൾ പദ്ധതി ഭാഗികമായി മാത്രമേ നടപ്പിലായുള്ളൂ എന്നു കാണുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കുടിവെള്ള പദ്ധതി | എസ്റ്റിമേറ്റ് പ്രകാരം ചെയ്യേണ്ടിയിരുന്നത് | ചെയ്തത് |
|---|---|---|---|
| 1 | വയറശ്ശേരി | എസ്റ്റിമേറ്റ് റിപ്പോർട്ടിൽ കുടിവെള്ള പദ്ധതിയുടെ പേരുൾപ്പെടുത്തിയിട്ടുണ്ടെങ്കിലും എസ്റ്റിമേറ്റിൽ ഈ<br><br>പദ്ധതിക്കായി തുകയൊന്നും തന്നെ വകയിരുത്തിയിട്ടില്ല. | - |
| 2 | പ്ലാച്ചിക്കുളമ്പ് | പ്ലാച്ചിക്കുളമ്പ് GLPസ്കൂളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കു | നിലവിലുള്ള ബോർ വെല്ലിലെ വെള്ളം |

| | | | |
|---|---|---|---|
| | | ന്നതിന് നിലവിലുള്ള ബോർവെല്ലിൽ 2HP സബ്മേഴ്സിബിൾ മോട്ടോർ ഇറക്കുന്നതിനും 80മീറ്റർ നീളത്തിൽ 40mm pvc പൈപ്പ് ചെയ്ത് pvc ടാങ്കിലേക്ക് കണക്റ്റ് ചെയ്യുന്നതിനും | IRTC, മുണ്ടൂർ-ലെ ലാബിൽ ടെസ്റ്റ് ചെയ്തപ്പോൾ 3/16) വെള്ളത്തിൽ കോളിഫോം ബാക്ടിരിയയുടെ അളവ് കൂടുതൽ ആയതിനാൽ ഈ പദ്ധതി അവസാനിപ്പിച്ച് പുതിയ കുഴൽകിണർ അനുവദിക്കുന്നതിന് HM ആവശ്യപ്പെട്ടിട്ടുള്ള തിന് നടപടി സ്വീകരിക്കുകയോ എസ്റ്റിമേറ്റിലെ ഇനങ്ങൾ ചെയ്യുകയോ ചെയ്തിട്ടില്ല. |
| 3 | പുത്തൻകുളമ്പ് | പുത്തൻകുളമ്പ് പ്രദേശത്തെ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 6.5" dia ബോർവെൽ കുഴിക്കുന്നതിനും 7.5HP സബ്മേഴ്സിബിൾ മോട്ടോർ ഇറക്കുന്നതിനും RCC Readymade മോട്ടോർ ഷെഡ് സ്ഥാപിക്കുന്നതിനും 240മീറ്റർ നീളത്തിൽ 63mm pvc പൈപ്പ് ചെയ്ത് ടാങ്കിലേക്ക് കണക്റ്റ് ചെയ്യുന്നതിനും . | ബോർവെൽ കുഴിച്ചു, 7.5HP സബ്മേഴ്സിബിൾ മോട്ടോർ സ്ഥാപിച്ചു, RCC Readymade മോട്ടോർ ഷെഡ് സ്ഥാപിച്ചു, 63mm pvc പൈപ്പ് 240 മീറ്റർ നീളത്തിൽ സ്ഥാപിക്കുന്നതിനു പകരം 136മീറ്ററും 50mm ജിഐ പൈപ്പ് 100.40 മീറ്ററും സ്ഥാപിച്ചു പദ്ധതി പൂർത്തീകരിച്ചു. |

മൂന്നു കുടിവെള്ള പദ്ധതികളുടെ നവീകരണമാണ് ലക്ഷ്യമിട്ടത് എന്നാലും ഒരു കുടിവെള്ള പദ്ധതിയുടെ പ്രവൃത്തികൾ മാത്രമേ നടപ്പിലാക്കിയുള്ളൂ. പദ്ധതി ലക്ഷ്യം ഫലപ്രദമായി

നടപ്പിലാക്കുന്നതിനുള്ള നടപടികൾ നിർവ്വഹണോദ്യോഗസ്ഥൻ സ്വീകരിച്ചിട്ടില്ല. കൂടാതെ വകയിരുത്തിയ തുകയുടെ 87% ഒരു കുടിവെള്ള പദ്ധതിക്കായി മാത്രം ചെലവഴിക്കുകയും ചെയ്തു. എന്നിട്ടും പ്രവൃത്തി പൂർത്തീകരിക്കുന്നതിന് 20 മാസത്തോളമെടുത്തു. പ്രവൃത്തി വൈകിയതിന് പ്രത്യേക കാരണങ്ങളോ നീട്ടുന്നതിന് കരാറുകാരന്റെ അപേക്ഷയോ ഇല്ല. മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തവും അംഗീകരിക്കത്തക്കതുമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണ സമയം ദീർഘിപ്പിച്ചത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ് പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് പിഎസിയുടെ 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതായിരുന്നു. എന്നാൽ അപ്രകാരം ചെയ്യുകയോ സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുകയോ ചെയ്തിട്ടില്ല. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണ (നം. 09/23-6-2017) ത്തിന് മറുപടി ലഭ്യമായില്ല. ആയതിനാൽ താഴെ പറയും പ്രകാരം പിഴ കരാറുകാരനിൽ നിന്ന് ഈടാക്കി പഞ്ചായത്ത് ഫണ്ടിലൊടുക്കേണ്ടതാണ്.

പ്രവൃത്തി പൂർത്തീകരിക്കേണ്ടത്- 31.3.2016

പൂർത്തീകരിച്ചത് -15.3.17

കരാറുകാരൻ -മോഹൻദാസ്

ഗ്രേസ് പിരീഡ് -19.5.16 വരെ (49ദിവസം)

പിഴ ഈടാക്കേണ്ടത് - 20.5.16 മുതൽ 14.3.17 വരെ

പി എ സി -390083

20.5.16 മുതൽ 19.8.16 വരെ -@1%- 3901

20.8.16 മുതൽ 19.11.16 വരെ-@2%- 7802

20.11.16 മുതൽ 19.2.17വരെ-@2%- 7802

20.2.17 മുതൽ 14.3.17വരെ -@2%-2080

ആകെ - 21585/-

# 3-5 മരാമത്തു പ്രവൃത്തികൾ പൊതു അവലോകനവും അപാകതകളും

അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ഫയലുകൾ, രജിസ്റ്ററുകൾ എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു.

| വകയിരുത്തിയ തുക | പ്രൊജക്ടുകളുടെ എണ്ണം | ചെലവഴിച്ചത് | പ്രൊജക്ടുകളുടെ എണ്ണം | വകയിരുത്തിയ തുകയുടെ 32% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ |
|---|---|---|---|---|
| 55103188 | 123 | 17653679 | 90 | |

വർക്ക് ഫയലുകൾ പരിശോധിക്കുമ്പോൾ കാണപ്പെട്ട താഴെ പറയുന്ന അപാകതകൾ ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

1. വിവിധ പ്രവൃത്തികളുടെ വർക്ക്ഫയൽ പരിശോധിക്കുമ്പോൾ പല പ്രവൃത്തികളിലും ഇനങ്ങളിൽ വ്യതിയാനം വരുന്നതായി കാണുന്നു. ചില ഇനങ്ങൾ ഒഴിവാക്കുകയും ചില ഇനങ്ങൾ കൂട്ടുതലും ചെയ്തിട്ടുണ്ട്. എന്നാൽ വർക്ക് സ്ലിപ്പിൽ ഇതിനു കാരണം രേഖപ്പെടുത്തിക്കാണുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി | എഗ്രിമെന്റ് ഷെഡ്യൂൾ പ്രകാരം ഉള്ളത് | ഫൈനൽ ബിൽ പ്രകാരം |
|---|---|---|---|
| 1 | കാരപ്പാടം അംഗൻവാടി റോഡ് പുനരുദ് ധാരണം<br>129/17 | ഇനം-1.7-Cement solid block masonry......etc .-1.548 cubic m.<br>ഇനം.2.2- WBM Sub base 2) WBM Grading.... etc.-40.725 cubic m. | ബിൽ നം.-89/30.3.17-229301/-<br>ഇനം 1.7-ചെയ്തില്ല.<br>ഇനം.2.2-19.260 cubic m. മാത്രമേ ചെയ്തുള്ളൂ. |
| 2 | വാണിയങ്കോട് റോഡ് മെറ്റലിംഗ് &ടാറിംഗ്<br>66/16 | ഇനം1-Supplying& stacking<br>63mm to 45mm stone-6.34 cubicm.<br>ഇനം5-Laying, spreading<br>and compacting stone etc. -5.06 cubic m.<br>ഇനം10-Earth work in surface excavation<br>......etc.-14sq.m.<br>ഇനം11-LS provision for name board etc. | ബിൽ നം.-7/24.10.16 -200000<br>ഇനം 1-ചെയ്തില്ല.<br>ഇനം 5-ചെയ്തില്ല.<br>ഇനം 10- ചെയ്തില്ല.<br>ഇനം11-ചെയ്തില്ല.<br>ഇനം.-3,6, 7,8,9 എന്നിവ കൂട്ടതൽ അളവിൽ ചെയ്തിട്ടുണ്ട്. |
| 3 | പാളയം കരിപ്പാലി റോഡ് പുനരുദ്ധാരണം | ഇനം.2-Granualar sub base with well graded | ബിൽനം-111/31.3.17 -618240<br>ഇനം.2-46.040cubicm. ചെയ്തുള്ളൂ. |

| | | | |
|---|---|---|---|
| | 183/17 | material...... etc.- 64.2cubic m. | |

2. സ്പിൽ ഓവർ പ്രവൃത്തികളിൽ 4എണ്ണം തൻവർഷം പൂർത്തീകരിച്ചിട്ടില്ല.

ഓഡിറ്റ് വർഷം ആകെ 123 പ്രവൃത്തികൾക്ക് തുക വകയിരുത്തിയതിൽ 13 പ്രവൃത്തികൾ 2015-16 വർഷത്തിൽ ആരംഭിച്ചതും 2016-17 വർഷത്തിൽ സ്പിൽ ഓവറായി തുടരുന്നതുമാണ്. 12-ാം പഞ്ചവൽസര പദ്ധതി മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ച് ഒരു സ്പിൽ ഓവർ പ്രൊജക്റ്റ് അത് സ്പിൽഓവർ ആയ അതേ വർഷം തന്നെ നിർബന്ധമായും പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ താഴെ പറയുന്ന സ്പിൽ ഓവർ പ്രവൃത്തികൾ 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല. ഇവയുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരങ്ങൾ ലഭ്യമായില്ല.

| ക്രമനം. | പ്രൊജക്റ്റ് | വകയിരുത്തിയ തുക |
|---|---|---|
| 1 | രണ്ടാം പുഴ റോഡ് മെറ്റലിംഗ് 7/17 | 250000 |
| 2 | പാറക്കളം IHDP കോളനി കുടിവെള്ള പദ്ധതി 11/17 | 498000 |
| 3 | തൊഴുത്തുപാറ കോളനി റോഡ് കോൺക്രീറ്റിംഗ്, സൈഡ്കെട്ട് 12/17 | 250000 |
| 4 | പേരളി അംഗൻവാടി മെയിന്റനൻസ് 14/17 | 100000 |

മേൽ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തേണ്ടതാണ്.

3. 44 റോഡ് പ്രവൃത്തികൾക്ക് ബിറ്റുമിൻ വാങ്ങി നൽകിയതിൽ 15 എണ്ണം മാത്രമേ തൻവർഷം പൂർത്തീകരിച്ചിട്ടുള്ളൂ. ടി പ്രവൃത്തികളുടെ അളവുപുസ്തകത്തിൽ ബിറ്റുമിൻ MAS അക്കൗണ്ട് ചേർത്ത് അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തിയിട്ടില്ല. ബിറ്റുമിൻ സ്റ്റോക്ക് രജിസ്റ്ററിൽ ബിറ്റുമിൻ വാങ്ങിയത്, ഇഷ്യൂ ചെയ്തത്, ബാലൻസ് എന്നീ വിവരങ്ങൾ അസി.എഞ്ചിനീയർ സാക്ഷ്യപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

# 3-6 എഗ്രിമെന്റ് വെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ള പ്രവൃത്തികൾ സ്ഥലം ലഭ്യമാകാത്തതിനാൽ നീണ്ടു പോയി

2015-16 വർഷത്തെ വികസന പദ്ധതിയിലുൾപ്പെടുത്തി അംഗീകാരം ലഭിച്ച താഴെ പറയുന്ന 3 പ്രവൃത്തികൾ 9.7.15 ന് എഗ്രിമെന്റ് വെച്ച് സൈറ്റ് ഹാൻഡ് ഓവർ ചെയ്തിട്ടുള്ളതാണ്. പാലക്കുഴി പ്രദേശത്തെ നിലവിൽ മൺ റോഡായ ഇവയുടെ പ്രതലം സോളിംഗ് നടത്തി ഗതാഗതയോഗ്യമാക്കുന്നതിനാണ് തുക വകയിരുത്തിയിരുന്നത്. എന്നാൽ പ്രാദേശിക പ്രശ്നങ്ങൾ കാരണം റോഡിന് സ്ഥലം ലഭ്യമാകാത്തതിനാൽ പ്രവൃത്തികൾ 15-16 ൽ (പൂർത്തീകരണ തീയതിയായ 31.3.16 നകം) നടപ്പിലായില്ല എന്ന് വർക്ക് ഫയലുകൾ പ്രകാരം കാണുന്നു. പിന്നീട് 10-ാം വാർഡ് മെമ്പറുടെ 1.1.2017 ലെ കത്തു പ്രകാരം പ്രശ്നങ്ങൾ പരിഹരിച്ചിട്ടുണ്ടെന്നറിയിക്കുകയും കരാറുകാരൻ പ്രവൃത്തികൾ 2016-17 ൽ പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഇനം | PCA പാത്തിപ്പാറ റോഡ് സോളിംഗ് 214/16 | തെരേസ്സ മുക്ക് വിലങ്ങൻപാറ റോഡ് സോളിംഗ് 86/16 | അഞ്ചുമുക്ക് അത്തിക്കര കുണ്ട് റോഡ് സോളിംഗ് 224/16 |
|---|---|---|---|
| അടങ്കൽ | 110000 | 250000 | 250000 |
| ടെണ്ടർ | 29.6.2015 | 29.6.2015 | 29.6.2015 |
| കരാറുകാരൻ | സി.കെ.ശ്രീകുമാർ | സി.കെ.ശ്രീകുമാർ | സി.കെ.ശ്രീകുമാർ |
| എഗ്രിമെന്റ് | 9.7.15 | 9.7.15 | 9.7.15 |
| പൂർത്തീകരിക്കേണ്ടത് | 31.3.16 | 31.3.16 | 31.3.16 |
| പൂർത്തീകരിച്ചത് | 22.2.2017 | 20.2.2017 | 20.2.2017 |
| ബിൽനം./ചെക്ക് നം. , തീയതി, അളവു പുസ്തകം | ബിൽ നം. 65/ 5.3.17 -110000<br>21/16-17 | ചെക്ക് നം. 1640162/14.3.17 -250000<br>22/16-17 | ചെക്ക് നം. 1640166/14.3.17 -250000<br>23/16-17 |

മേൽ പ്രവൃത്തികളിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു.

1. ഈ പ്രവൃത്തികളിൽ കരാറുകാരന്റെ അപേക്ഷ (തീയതി ഇല്ല) പരിഗണിച്ച് അസി. എഞ്ചിനീയറുടെ ശുപാർശ പ്രകാരം ഭരണസമിതി 23.2.17 ലെ 1(8) നമ്പർ തീരുമാന പ്രകാരം പിഴ ഒഴിവാക്കി പൂർത്തീകരണ കാലാവധി നീട്ടി നൽകിയിട്ടുണ്ട്. എന്നാൽ പൂർത്തീകരണ കാലാവധി വൈകിയപ്പോൾ കരാറുകാരനുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെച്ചിട്ടില്ല.

2. ഡിപാർട്ട്മെന്റ് തലത്തിലുള്ള കാരണങ്ങളാൽ പ്രവൃത്തി വൈകുമ്പോൾ 2012 ലെ പുതുക്കിയ പൊതുമരാമത്ത് മാന്വൽ പ്രകാരം Time extension ഒറ്റത്തവണ

ഒറിജിനൽ സമയത്തിന്റെ 25% അല്ലെങ്കിൽ 6മാസം (ഏതാണ് കുറവ് എങ്കിൽ അത്) ആണ് അനുവദിക്കാവുന്നത്. എന്നാൽ 10 മാസത്തിലധികം കൂടുതൽ സമയമെടുത്താണ് പ്രവൃത്തി പൂർത്തീകരിച്ചിരിക്കുന്നത്.

3. ഒരു പ്രവൃത്തി ടെണ്ടർ ചെയ്യുന്നതിനു മുൻപായി നിർവ്വഹണോദ്യോഗസ്ഥൻ തടസ്സമില്ലാത്ത ഭൂമിയുടെ ലഭ്യത ഉറപ്പുവരുത്തേണ്ടതാണ് എന്നു നിർദ്ദേശിച്ചിട്ടുള്ളത് പാലിക്കപ്പെട്ടു കാണുന്നില്ല. ഭരണസമിതിയും ഇക്കാര്യത്തിൽ വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചു കാണുന്നില്ല.

ഇതു സംബന്ധിച്ചു നൽകിയ ഓഡിറ്റ് അന്വേഷണ (നം. 09/23-6-2017) ത്തിന് മറുപടി ലഭ്യമായില്ല.

ഓഡിറ്റ് നിർദ്ദേശങ്ങൾ

പ്രൊജക്ടുകൾ ആവിഷ്കരിക്കുമ്പോൾ നിർവഹണ സമയക്രമം കൃത്യമായി പാലിക്കുന്നതിനും ഭൗതിക സാഹചര്യങ്ങളുടെ കുറവുമൂലം പദ്ധതി ഉപേക്ഷിക്കപ്പെടാതിരിക്കുന്നതിനും ഭരണസമിതി, നിർവഹണോദ്യോഗസ്ഥൻ, മോണിറ്ററിംഗ് സമിതി എന്നിവർ വളരെയധികം ശ്രദ്ധിക്കേണ്ടതുണ്ട്. ഓരോ സാമ്പത്തിക വർഷവും ആരംഭിച്ച പ്രൊജക്ടുകൾ അതതു വർഷം തന്നെ പൂർത്തീകരിക്കുന്നതിനും ആയതിന്റെ പ്രയോജനം ജനങ്ങൾക്ക് കാലതാമസം കൂടാതെ ലഭ്യമാക്കുന്നതിനും നിർവഹണ ഉദ്യോഗസ്ഥൻ മുൻകൈ എടുക്കേണ്ടതാണ്.

# 3-7 സൈക്കിൾ ഉയർന്ന നിരക്കിൽ വാങ്ങിയതിനാൽ 40150/-രൂപ നഷ്ടമായി

പ്രൊജക്ട് - എസ്.സി.വിദ്യാർത്ഥികൾക്ക് സൈക്കിൾ (51/17)

അടങ്കൽ - ₹ 530000/-

ബിൽ നമ്പർ - 15/28.3.17 – 498500/-

നിർവഹണം - അസിസ്റ്റന്റ് സെക്രട്ടറി

പദ്ധതിക്കായി 6.2.17 ന് ടെണ്ടർ ക്ഷണിക്കുകയും 2 സ്ഥാപനങ്ങളിൽ നിന്നും ടെണ്ടർ ലഭിക്കുകയും ചെയ്തു . പ്രൊക്യൂർമെന്റ് കമ്മിറ്റി 21.1.17 ലെ 12 നമ്പർ തീരുമാനത്തിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ടെണ്ടർ ക്ഷണിക്കണമെന്ന് നിർദേശിച്ചിരുന്നു.

ലഭ്യമായ ടെണ്ടറുകളുടെ വിശദവിവരം താഴെ ചേർക്കുന്നു.

| | മുരളി സൈക്കിൾ മാർട്ട് | രാജ് മാർക്കറ്റിംഗ് |
|---|---|---|
| പെൺകുട്ടികൾക്കുള്ള സൈക്കിൾ | | |
| ഹീറോ മിസ് ഇൻഡ്യ വെൽവെറ്റ് (26 T ) | 4825 | 4850 |
| ബി.എസ്.എ. ലേഡി ബേർഡ് (26 T ) | 4750 | 4950 |
| ഡി.എൻ.എസ്.വിവ ( 26 T ) | 4695 | 4750 |
| വി.സ്റ്റാർ ഡെയ്സി (26 T) | - | 4350 |
| ആൺകുട്ടികൾക്കുള്ള സൈക്കിൾ | | |
| ഹീറോ നൈട്രോ ഇൻടെഗ്രാ | 4693 | 4750 |
| ബി.എസ്.എ.ഹെർക്കുലീസ് റോക്കി | 4650 | 4825 |
| ഡി.എൻ.എസ് കോൺട | 4595 | 4650 |
| വി.സ്റ്റാർ ഫോഴ്സ് | | 4295 |

ടാബുലേഷൻ ഷീറ്റ് പ്രകാരം ഏറ്റവും കറഞ്ഞ നിരക്ക് പെൺകുട്ടികൾക്കുള്ള സൈക്കിളിന് 4350 രൂപയും (രാജ് മാർക്കറ്റിംഗ്- വി.സ്റ്റാർ) ആൺകുട്ടികൾക്കുള്ള സൈക്കിളിന് 4295/- രൂപയുമാണ് (വി സ്റ്റാർ ഫോഴ്സ്). എന്നാൽ മുരളി സെക്കിൾ മാർട്ടിന്റെ ടെണ്ടർ അംഗീകരിച്ച് ഉയർന്ന നിരക്കിലുള്ള ബി.എസ്.എ. സൈക്കിളുകളാണ് വാങ്ങിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി 6/22.6.17 നുള്ള മറുപടിയിൽ സാമ്പിളുകൾ പ്രൊക്യൂർമെന്റ് കമ്മിറ്റിയും ഭരണസമിതി അംഗങ്ങളും പരിശോധിക്കുകയും വി സ്റ്റാർ സൈക്കിളുകളുടെ ഫിനിഷിംഗ് & പെയിന്റിംഗ് താഴ്ന്ന നിലവാരത്തിലുള്ളതാണെന്നതിനാൽ അത് വാങ്ങേണ്ടെന്ന് തീരുമാനിച്ചു എന്നും അന്താരാഷ്ട്ര നിലവാരത്തിലുള്ള സൈക്കിളുകൾ പഞ്ചായത്തിലെ കുട്ടികൾ ഉപയോഗിക്കണം എന്നുള്ള ഉദ്ദേശത്തോടുകൂടിയാണ് ബി.എസ്.എ. സൈക്കിളുകൾ വാങ്ങിയത് എന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ ഇത് സംബന്ധിച്ച രേഖകളൊന്നും ഗ്രാമപഞ്ചായത്തിലില്ല. ഇപ്രകാരമുള്ള തീരുമാനങ്ങളൊന്നും മിനുട്സിലും രേഖപ്പെടുത്തിയിട്ടില്ല. 2.3.17 ലെ ഭരണസമിതി തീരുമാനത്തിൽ മുരളി സൈക്കിൾ മാർട്ടിന്റെ ടെണ്ടർ (BSA cycle) അംഗീകരിച്ചതായി മാത്രം രേഖപ്പെടുത്തിയിട്ടുണ്ട്. പ്രൊക്യൂർമെന്റ് കമ്മിറ്റി മിനുട്സിലും ഏറ്റവും കുറഞ്ഞ നിരക്കിൽ വാങ്ങിയ നടപടി സാധൂകരിച്ചു - ( 27.3.17 ൽ 5) എന്നാണ്

രേഖപ്പെടുത്തിയിരിക്കുന്നത്.

ബ്രാൻഡ് അടിസ്ഥാനമാക്കി ഉയർന്ന നിരക്കിലുള്ള സൈക്കിൾ പർച്ചേസ് ചെയ്ത നടപടി അംഗീകരിക്കാവുന്നതല്ല. ആവശ്യമായ സ്പെസിഫിക്കേഷൻ ടെണ്ടറിൽ വ്യക്തമാക്കുകയും അതുപ്രകാരമുള്ള ടെണ്ടറുകളിൽ ഏറ്റവും കുറഞ്ഞ നിരക്കിലുള്ളത് വാങ്ങണമെന്നമാണ് പ്രൊക്യൂർമെന്റ് മാർഗരേഖയിൽ നിർദേശിച്ചിട്ടുള്ളത്. വ്യവസ്ഥകൾ പാലിക്കാതെ ഉയർന്ന നിരക്കിൽ പർച്ചേസ് ചെയ്തതിനാൽ പഞ്ചായത്ത് ഫണ്ടിന് താഴെ പറയും പ്രകാരം നഷ്ടമുണ്ടായി.

| ഇനം | എണ്ണം | ഏറ്റവും കുറഞ്ഞ നിരക്ക് | വാങ്ങിയ നിരക്ക് | ആകെ നഷ്ടം |
|---|---|---|---|---|
| ആൺകുട്ടികളുടെ സൈക്കിൾ | 50 | 4295 | 4650 | 17750 |
| പെൺകുട്ടികളുടെ സൈക്കിൾ | 56 | 4350 | 4750 | 22400 |
| | | | | 40150 |

നഷ്ടമായ 40150/- നിർവഹണ ഉദ്യോഗസ്ഥയിൽ നിന്നും ഈടാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

പദ്ധതി മാർഗരേഖ പ്രകാരം സൈക്കിൾ വിതരണ പദ്ധതികൾക്കായി വിദ്യാർത്ഥികളുടെ ലിസ്റ്റ് സ്കൂളിൽ നിന്നും ലഭ്യമാക്കേണ്ടതും സ്കൂളുകൾ മുഖേന സൈക്കിൾ വിതരണം നടത്തേണ്ടതുമാണ്. വിദ്യാർത്ഥികളുടെ അപേക്ഷയോ ഗ്രാമസഭ ലിസ്റ്റോ അടിസ്ഥാനമാക്കിയല്ല ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നത് എന്നതിനാൽ ഗ്രാമപഞ്ചായത്തിലെ സ്കൂളുകളിൽ നിന്നുള്ള വിദ്യാർത്ഥികളുടെ ലിസ്റ്റ് പ്രകാരമാണ് സൈക്കിളുകൾ നൽകാവുന്നത്. എന്നാൽ നിർവഹണഉദ്യോഗസ്ഥ മറ്റ് പഞ്ചായത്തുകളിലെ സ്കൂളുകളിലുള്ള (വണ്ടാഴി പഞ്ചായത്ത്, തൃശ്ശൂർ നഗരസഭ തുടങ്ങിയ) 26 വിദ്യാർത്ഥികൾക്കും പദ്ധതി പ്രകാരം സൈക്കിൾ നൽകിയിട്ടുണ്ട്. മാർഗരേഖയിലെ വ്യവസ്ഥകൾക്കനുസൃതമായി ഗ്രാമപഞ്ചായത്തിലെ സ്കൂളുകൾ മുഖേന മാത്രം പദ്ധതി നടപ്പിലാക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 3-8 എസ്.സി.സ്ഥലം വാങ്ങൽ - നിലം വാങ്ങിയ ഗുണഭോക്താവിനും ധനസഹായം നൽകി.

പ്രൊജക്ട് - എസ്.സി.സ്ഥലം വാങ്ങൽ (27/17)

നിർവഹണം -അസി.സെക്രട്ടറി

അടങ്കൽ - 1350000

ചെലവ് –
ബിൽ നമ്പർ - 18/29.3.17 – 300000

8/18.3.17 - 3 lakh,

13/28.3.17 –6 lakh,

14/28.3.17 – 900000/-

17/30.3.17- 4.5 lakh

പദ്ധതി പ്രകാരം സ്ഥലം വാങ്ങുന്നതിന് 150000/- രൂപ വീതം ഗുണഭോക്താക്കൾക്ക് നൽകിയിട്ടുണ്ട്. ഇതിൽ ശ്രീ.രാജൻ.വി, ഇളവംപാടം എന്ന ഗുണഭോക്താവ് 0.0081 ഹെക്ടർ പുരയിടവും (റീസർവ്വെ നമ്പർ - 80/23) 0.0041 ഹെക്ടർ നിലവുമാണ് (റീസർവ്വെ നമ്പർ - 80/21) പദ്ധതി പ്രകാരം വാങ്ങിയിട്ടുള്ളത്. (ആധാരം- 25.3.17 ലെ 754/17). സബ്സിഡി മാർഗരേഖ പ്രകാരം നിലം വാങ്ങുന്നതിന് ധനസഹായം അനുവദനീയമല്ല. പ്രസ്തുത സ്ഥലത്ത് ഭവന നിർമ്മാണം നടത്തുന്നതിനായി നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല. അനുമതി ലഭ്യമായി ഭവന നിർമ്മാണം നടത്തുന്നതുവരെ ചെലവ് തുക തടസ്സത്തിൽ വയ്ക്കുന്നു. (ഓഡിറ്റ് എൻക്വയറി – 6/22.6.17)

## 3-9 വിനിയോഗവിവരങ്ങൾ ലഭ്യമാക്കിയില്ല

താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് / സംയുക്ത പ്രൊജക്ടുകൾക്കുള്ള പഞ്ചായത്ത് വിഹിതമായി തുക മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ചതിന്റെയും പ്രവൃത്തി നടത്തിയതിന്റെയും വിവരങ്ങൾ നിർവഹണ ഉദ്യോഗസ്ഥർ വാങ്ങി സൂക്ഷിച്ചിട്ടില്ല. പദ്ധതികൾക്കായി പ്ലാൻ/തനത് ഫണ്ട് മുൻകൂറായി അനുവദിക്കുമ്പോൾ നിശ്ചിത സമയപരിധിക്കകം പ്രവൃത്തി നടപ്പിലാക്കിയിട്ടുണ്ട് എന്ന് നിർവഹണ ഉദ്യോഗസ്ഥൻ ഉറപ്പാക്കേണ്ടതും വിനിയോഗ വിവരം ലഭ്യമാക്കി ചിലവഴിക്കാതെ അവശേഷിക്കുന്ന തുകകൾ തിരികെ ഈടാക്കേണ്ടതുമാണ്.

വിശദവിവരം താഴെ ചേർക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | നിർവഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| വൈദ്യുതി ബോർഡ് | ലൈൻ എക്സ്റ്റൻഷൻ (221/17) | 34/30.3.17 | 153375 | സെക്രട്ടറി |
| ജല അതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 35/30.3.17 | 618100 | സെക്രട്ടറി |

| | | | | |
|---|---|---|---|---|
| | (189/17) | 36/30.3.17<br>21/4.3.17 | 96900<br>495000 | |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗ് | വിവിധ അങ്കണവാടികളുടെ വൈദ്യുതീകരണം (201/17) | 28/22.3.17<br>29/22.3.17 | 50000<br>16375 | സെക്രട്ടറി |
| വൈദ്യുതി ബോർഡ് | സമ്പൂർണ്ണ വൈദ്യുതികരണം (220/17) | ചെക്ക് നമ്പർ 2802/17.3.17<br>2803/17.3.17 | 500275<br>185000 | സെക്രട്ടറി |
| സെക്രട്ടറി<br>ആലത്തൂർ ബ്ലോക്ക് പഞ്ചായത്ത് | ഐ.എ.വൈ. വിഹിതം | 11/14.12.16 | 140000 | സെക്രട്ടറി |
| " | ഐ.എ.വൈ. വിഹിതം (എസ്.ടി) -34/17 | 5/30.1.17 | 85000 | അസിസ്റ്റന്റ് സെക്രട്ടറി |
| അസിസ്റ്റന്റ് ഡയറക്ടർ<br>Calf feed subsidy scheme | കന്നുകുട്ടി പരിപാലന പദ്ധതി (30/17) | 1/6.3.17 | 312500 | വെറ്ററിനറി സർജൻ |

## 3-10 അങ്കണവാടി പോഷാകാഹാര പദ്ധതി-കേന്ദ്രവിഹിതം വിനിയോഗിച്ചിട്ടില്ല

അങ്കണവാടി പോഷാകാഹാര പദ്ധതിക്കായി കേന്ദ്രവിഹിതമായി ലഭിച്ച തുകയിൽ 1848955 രൂപ ചെലവഴിക്കാതെ ഗ്രാമപഞ്ചായത്തിന്റെ തനത് ഫണ്ട് അക്കൗണ്ടിൽ (PDC bank A/c – 156) സൂക്ഷിച്ചിട്ടുണ്ട്. വിശദവിവരം താഴെ ചേർക്കുന്നു

മുന്നിരുപ്പ് - 1628786

വരവ് - 220169 (₹ 32207 പലിശ ഉൾപ്പെടെ)

ആകെ - 1848955

ചെലവ് - nil

നീക്കിയിരുപ്പ് - 1848955

പൂരകപോഷകാഹാര പദ്ധതിക്കായി ലഭിച്ച ഫണ്ടിൽ ചെലവഴിക്കാതെ അവശേഷിക്കുന്ന തുക അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്താൻ

ഉപയോഗിക്കാവുന്നതാണ് എന്ന് 3.9.2010 ലെ 39029/DC3/2010 നം സർക്കുലറിൽ നിർദേശിച്ചിട്ടുണ്ട്. പോഷകാഹാര പദ്ധതിക്ക് ആവശ്യമില്ലാത്ത ഫണ്ട് അങ്കണവാടികളുടെ മെയിന്റനൻസിന് വിനിയോഗിക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. സാമൂഹ്യക്ഷേമ പദ്ധതികൾക്ക് ലഭ്യമാകുന്ന കേന്ദ്ര ഫണ്ട് സമയപരിധിക്കകം തന്നെ പദ്ധതികൾ നടപ്പാക്കുന്നതിന് പൂർണ്ണമായും വിനിയോഗിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3 -11 സാക്ഷരതാ പ്രേരക് മാരുടെ ഹൊണറേറിയം - ക്രമീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിലെ 3 സാക്ഷരതാ പ്രേരകുമാരുടെ ഹൊണറേറിയം തനത്ഫണ്ടിൽ നിന്നുമാണ് നൽകി വരുന്നത്. 6.1.16 വരെ പ്രതിമാസം 2900 രൂപയും തുടർന്ന് പ്രതിമാസം 12000 രൂപയുമാണ് നൽകിയത് . G.O.(Rt) 27/17/gen.edn. Dt 7.1.17 പ്രകാരം തുക തദ്ദേശസ്വയംഭരണസ്ഥാപനം നൽകിയശേഷം യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് സഹിതം അപേക്ഷിച്ചാൽ സാക്ഷരതാ മിഷൻ തുക തിരികെ നൽകും എന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് 4/2016 മുതൽ 3/17 വരെ ഹൊണറേറിയം നൽകുവാൻ ചെലവഴിച്ച ₹ 10688/- നാളിതുവരെ സാക്ഷരതാ മിഷനിൽ നിന്നും തിരികെ ലഭിച്ചിട്ടില്ല. തുക തിരികെ ലഭ്യമാക്കി തനത് ഫണ്ടിൽ ഒടുക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-12 കാലഹരണപ്പെട്ടനിക്ഷേപങ്ങൾ ക്രമീകരിക്കേണ്ടതാണ്

മൂന്ന് വർഷ കാലാവധി കഴിഞ്ഞിട്ടും തിരികെ വാങ്ങാത്ത ഡെപ്പോസിറ്റ് തുകകൾ കേരള ഫിനാൻഷ്യൽ കോഡ് Vol.1 Art.282(1) അനുസരിച്ച് പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിൽ 2002-03 മുതലുള്ള ഡെപ്പോസിറ്റുകൾ ക്രമീകരിക്കാതെ നിക്ഷേപമായി തന്നെ അക്കൗണ്ട് ചെയ്തിട്ടുണ്ട്. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരം മൂന്ന് വർഷ കാലാവധി കഴിഞ്ഞ നിക്ഷേപങ്ങൾ പഞ്ചായത്ത് ഫണ്ടിലേയ്ക്ക് മുതൽക്കൂട്ടുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-13 ഒ.ഡി.എഫ് - തനത്ഫണ്ടിൽ നിന്നും മുൻകൂറായി നൽകിയ തുക ക്രമീകരിച്ചിട്ടില്ല

ഒ.ഡി.എഫ്. പദ്ധതിക്കായി തനത് ഫണ്ടിൽ നിന്നും 30.6 ലക്ഷം രൂപ വി.ഇ.ഒ.യ്ക്ക് 2016-17 ൽ അനുവദിച്ചിരുന്നു. എന്നാൽ 2295000 രൂപ മാത്രമാണ് കേന്ദ്രവിഹിതമായി തിരികെ ലഭിച്ചത്. 765000/- രൂപ നാളിതുവരെയായി ക്രമീകരിച്ചിട്ടില്ല. പദ്ധതിക്കായി

ഗ്രാമപഞ്ചായത്ത് ഫണ്ടിൽ നിന്നും അനുവദിച്ച തുക പൂർണ്ണമായും തിരികെ ലഭ്യമാക്കി മുൻകൂർ ക്രമീകരിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

## 3-14 മഴക്കാലപൂർവ്വ ശുചീകരണം- വിനിയോഗരേഖകൾ വാങ്ങി സൂക്ഷിക്കുന്നില്ല

വാർഡ് തല സാനിറ്റേഷൻ കമ്മിറ്റികളുടെ പ്രവർത്തനത്തിനായി വൗച്ചർ നം - 2160021 -32/29.6.16 പ്രകാരം 220000/- രൂപ (22 വാർഡുകൾക്ക് @10000/- ) പ്രകാരം മുൻകൂർ നൽകിയിട്ടുണ്ട്.. ദാരിദ്രനിർമാർജന വിഭാഗം പ്രൊജക്ട് ഓഫീസറുടെ ഉത്തരവ് പ്രകാരം ലഭ്യമായ തുക വിവിധ വാർഡ്തല ശുചീകരണ കമ്മിറ്റികളുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് തുക ക്രഡിറ്റ് ചെയ്തിട്ടുള്ളത്. ഭരണസമിതി അംഗീകരിച്ച വാർഡ്തല പ്രവർത്തന രേഖ നടപ്പിലാക്കുന്നതിനായാണ് തുക അനുവദിക്കുന്നത്. കാംപൈൻ കഴിഞ്ഞ് ഒരാഴ്ചക്കകം വിനിയോഗ രേഖകൾ (ഒറിജിനൽ വൗച്ചർ) സെക്രട്ടറി വാങ്ങി സൂക്ഷിക്കേണ്ടതാണ് എന്ന് സർക്കുലർ നം -22501/DC1/14 /28.4.14 ൽ വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് ചെലവ് രേഖകൾ പരിശോധനക്ക് വാങ്ങി സൂക്ഷിച്ചിട്ടില്ല. മുൻകൂറായി അനുവദിക്കുന്ന തുകകളുടെ വിനിയോഗ രേഖകൾ വാങ്ങി സൂക്ഷിക്കുവാനും ശുചിത്വ സമിതികളുടെ പ്രവർത്തനം മോണിറ്റർ ചെയ്യുവാനും ശ്രദ്ധിക്കേണ്ടതാണ്.

## 3-15 പാലിന് സബ്സിഡി പ്രോജക്ട് - ക്ഷീര കർഷകർക്ക് മുഴുവൻ തുകയും വിതരണം ചെയ്തിട്ടില്ല

നിർവ്വഹണോദ്യോഗസ്ഥൻ- ക്ഷീര വികസന ഓഫീസർ

പ്രോജക്ട് നം - 169/17

പേര് - പാലിന് സബ്സിഡി

അടങ്കൽ - 1850000 ( 1650000 വികസന ഫണ്ട് (പൊതു)+

200000 ബ്ളോക്ക് പഞ്ചായത്ത് വിഹിതം )

ചെലവ്-1844519 (ബിൽ നം 1/16-17 , 25.3.17)

ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള വിവിധ ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങൾ വഴി പാലളക്കുന്ന ക്ഷീര കർഷകർക്ക് ഗവൺമെന്റ് സബ്സിഡി ലഭ്യമാക്കുകയാണ് പ്രോജക്ടിന്റെ ലക്ഷ്യം. ക്ഷീരസംഘങ്ങളിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 2 രൂപ നിരക്കിൽ തുക നൽകുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പഞ്ചായത്ത് പരിധിയിലുള്ള 6 ക്ഷീരോൽപ്പാദക സഹകരണ സംഘങ്ങളിൽ

പാലളവുള്ള അർഹരായ ഗുണഭോക്താക്കളുടെ ലിസ്ററ് ഗ്രാമസഭ അംഗീകരിച്ച് നൽകിയിട്ടുണ്ട്.

പദ്ധതി തുക വിവിധ സംഘങ്ങളുടെ അക്കൗണ്ടുകളിലേക്ക് കൈമാറിയതിന്റെയും സംഘങ്ങൾ വഴി ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകിയതിന്റെയും രേഖകൾ പരിശോധിച്ചതിൽ ചില സംഘങ്ങൾ ഗ്രാമസഭ അംഗീകരിച്ച നൽകിയ ഗുണഭോക്തൃ ലിസ്റ്റിലുള്ളതിലും കൂടുതൽ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചതായും ചില സംഘങ്ങൾ നാളിതു വരെയും ഗുണഭോക്താക്കൾക്ക് മുഴുവൻ തുകയും വിതരണം ചെയ്തിട്ടില്ലാത്തതായും കണ്ടെത്തി.

വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്ഷീര സംഘത്തിന്റെ പേര് | ഗുണഭോക്തൃലിസ്റ്റ് പ്രകാരം | സബ്സിഡി അനുവദിച്ചത് | സംഘത്തിന് കൈമാറി നൽകിയ ആകെ സബ്സിഡി തുക | നാളിതു വരെ വിതരണം ചെയ്യാത്ത തുക |
|---|---|---|---|---|
| മമ്പാട് | 77 | 91 | 151970 | - |
| കണച്ചിപ്പരുത | 85 | 71 | 264396 | - |
| വാൽക്കുളമ്പ് | 84 | 143 | 409075 | 37032 |
| മേനോൻ തരിശ് | 352 | 314 | 608560 | 12386 |
| ചെറുകുന്നം | 69 | 83 | 122138 | - |
| കണ്ണംകുളം | 135 | 117 | 288380 | 1196 |
| | | | ആകെ | 50614 |

പുതിയതായി പാലളന്ന ക്ഷീര കർഷകരെയും ഉൾപ്പെടുത്തി സബ്സിഡി നൽകിയതിനാലാണ് മമ്പാട്, വാൽക്കുളമ്പ്, ചെറുകുന്നം, എന്നീ ക്ഷീര സംഘങ്ങളിൽ ഗ്രാമസഭ അംഗീകരിച്ചതിലും കൂടുതൽ ഗുണഭോക്താക്കൾക്ക് സബ്സിഡി നൽകാൻ കാരണം എന്ന് ക്ഷീര വികസന ഓഫീസർ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചു. ആവശ്യമായ മുഴുവൻ ഘടകങ്ങളും ഉൾപ്പെടുത്തി ഒരു പ്രോജക്ട് രൂപീകരിച്ചതിനു ശേഷം ഗുണഭോക്താക്കളുടെ എണ്ണത്തിൽ തന്നെ പ്രകടമായ വ്യതിയാനം വരുത്തുന്നത് ക്രമപ്രകാരമല്ല. തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ നം 34704/ഡി.പി 1/03 തീയതി 4.08.03 പ്രകാരം ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ യാതൊരു കാരണവശാലും മാറ്റം വരുത്താൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. വസ്തുതാപരമായ കാരണങ്ങളാൽ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ വീണ്ടും ഗ്രാമസഭയിൽ അവതരിപ്പിച്ച് അംഗീകാരം

വാങ്ങേണ്ടതുണ്ട്. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് കൂടുതൽ ഗുണഭോക്താക്കൾക്ക് സബ്സിഡി അനുവദിച്ചിരിക്കുന്നത്. സർക്കാർ പണം കൈകാര്യം ചെയ്യുന്നതിൽ അവശ്യമായ സൂക്ഷ്മത പാലിക്കുന്നതിന് മേലിൽ ശ്രദ്ധിക്കേണ്ടതാണ്.

വാൽക്കുളമ്പ്, മേനോൻതരിശ്, കണ്ണംകുളം എന്നീ സംഘങ്ങൾ സബ്സിഡി തുക മുഴുവനും നാളിതു വരെയും ക്ഷീര കർഷകർക്കായി വിതരണം ചെയ്തിട്ടില്ല. കർഷകരുടെ ബാങ്ക് അക്കൗണ്ട് നമ്പറുകൾ യഥാസമയം ലഭ്യമാക്കാത്തതിനാലാണ് തുക കൈമാറാൻ സാധിക്കാത്തത് എന്ന് ക്ഷീരസംഘങ്ങൾ അറിയിച്ചതായി നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു. ക്ഷീര കർഷകർക്ക് യഥാസമയം വിതരണം ചെയ്യേണ്ട സബ്സിഡി തുക സാമ്പത്തിക വർഷം അവസാനിച്ച് മാസങ്ങൾക്ക് ശേഷവും വിതരണം ചെയ്യാതെ ക്ഷീരസംഘങ്ങളുടെ അക്കൗണ്ടുകളിൽ സൂക്ഷിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. തുക എത്രയും വേഗം ഗുണഭോക്താക്കൾക്ക് കൈമാറേണ്ടതാണ്. തുക ഗുണഭോക്താക്കൾക്ക് കൈമാറുകയോ അല്ലാത്ത പക്ഷം പഞ്ചായത്ത് ഫണ്ടിലേക്ക് തിരികെ ഈടാക്കുകയോ ചെയ്യുന്നതു വരെ 50614 രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 1/19.6.2017)

<u>പൊതുവായ നിർദ്ദേശങ്ങൾ</u>

1. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) പുതുക്കിയ മാർഗ്ഗരേഖ ജി.ഒ (എം.എസ്) 4/2016 ത.സ്വ.ഭ.വ 11.1.2016 പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മുൻഗണന നൽകേണ്ട മേഖലകളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് ഉൽപാദനമേഖലകളുടെ സ്ഥായിയായ വളർച്ചക്കാണ്. പാലിന് സബ്സിഡി പ്രോജക്ടിൽ ക്ഷീര സംഘത്തിൽ നൽകുന്ന ഒരു ലിറ്റർ പാലിന് 3 രൂപ നിരക്കിൽ കർഷകന് തുക നൽകാവുന്നതാണ് എന്നിരുന്നിട്ടും ഒരു ലിറ്റർ പാലിന് 2 രൂപ നിരക്കിൽ തുക നൽകുന്ന രീതിയിലാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നതും തുക നൽകിയിരിക്കുന്നതും. സബ്സിഡി മാർഗ്ഗരേഖ പ്രകാരം മാസം 10000 രൂപ വരെ ഒരു കർഷകന് നൽകാവുന്നതാണ്. യഥാർത്ഥ ഗുണഭോക്താവിന് അഥവാ ഏറ്റവും അർഹനായ ക്ഷീര കർഷകന് അർഹമായ മുഴുവൻ സബ്സിഡിയും ലഭ്യമാക്കുന്ന രീതിയിൽ പ്രോജക്ട് തയ്യാറാക്കി നടപ്പിലാക്കുന്നതിൽ ശ്രദ്ധിക്കേണ്ടതാണ്.
2. ഉൽപ്പാദന മേഖലയുടെ സ്ഥായിയായ വളർച്ചയെ ഉദ്ദേശിച്ചു കൊണ്ടാണ് മൃഗസംരക്ഷണ മേഖലയിൽ ഇത്തരത്തിലുള്ള പ്രോജക്ടുകൾ രൂപീകരിക്കുന്നതിന് സർക്കാർ നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ തന്നെ കൂടുതൽ ഗുണഭോക്താക്കൾക്ക് ധനസഹായം എത്തിക്കുക എന്നതിലുപരി യഥാർത്ഥത്തിൽ ഏറ്റവും അർഹനായ ക്ഷീര കർഷകന് പ്രോത്സാഹനം ലഭിക്കുന്ന രീതിയിൽ പരമാവധി സബ്സിഡി നൽകുക എന്ന തലത്തിലാവണം പ്രോജക്ട് രൂപീകരിക്കേണ്ടത്.
3. അതത് ഫണ്ടുകൾ സാമ്പത്തിക വർഷം അവസാനിക്കുന്നതിന് മുമ്പു തന്നെ വിനിയോഗിക്കുന്ന രീതിയിൽ നടപടികളെടുക്കേണ്ടതാണ്. ആവശ്യമായ പ്രാരംഭ

പ്രവർത്തനങ്ങൾ നടത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

4. മോണിറ്ററിംഗ് സംവിധാനം ശക്തമാക്കേണ്ടതാണ്.

## 3-16 അങ്കണവാടികൾക്ക് കസേര വാങ്ങൽ - ടെണ്ടർ നടപടികൾ സുതാര്യമല്ല

നിർവ്വഹണോദ്യോഗസ്ഥൻ-ഐ.സി.ഡി.എസ് സൂപ്പർവൈസർ

പ്രോജക്റ്റ് നം -49/17 – അങ്കണവാടികൾക്ക് കസേര വാങ്ങൽ

അടങ്കൽ - 215000(മെ.ഗ്രാന്റ് -റോഡിതരം)

ചെലവ് -191350

(ബിൽ നം 13/16-17 17.3.17)

മേൽ പദ്ധതിക്കായി തയ്യാറാക്കിയ ടെണ്ടർ ഷെഡ്യൂളിൽ കൈയില്ലാത്ത നീൽകമൽ കസേര ഗുണമേന്മയുള്ളത് എന്ന ബ്രാൻഡ് നെയിം ഉപയോഗിച്ചിട്ടുണ്ട്. കേരള സ്റ്റോർ പർച്ചേസ് മാന്വൽ 2013 പ്രകാരം ടെണ്ടറുകൾ ക്ഷണിക്കുമ്പോൾ സാധനങ്ങളുടെ പേരു വിവരം യഥാർത്ഥ സ്പെസിഫിക്കേഷനോടു കൂടി രേഖപ്പെടുത്തണം. പേറ്റന്റ്, ബ്രാന്റ് നെയിം എന്നിവ ഉപയോഗിക്കാവുന്നതല്ല. സ്പെസിഫിക്കേഷനിലെ അവ്യക്തത ഒഴിവാക്കുന്നതിന് ഒരു ബ്രാന്റ് നെയിമോ കാറ്റലോഗ് നമ്പറോ പരാമർശിക്കേണ്ടി വന്നാൽ അഥവാ തത്തുല്യമായത് എന്നു കൂടി ചേർക്കണം. ഈ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് പ്രോജക്റ്റ് നടപ്പിലാക്കിയിരിക്കുന്നത്.

ഗുണമേന്മയുള്ള കസേരകൾ ലഭ്യമാക്കുക എന്ന സദുദ്ദേശത്തോടെയാണ് നീൽകമൽ ബ്രാന്റ് ഉപയോഗിച്ചതെന്നും ആയത് വഴി പഞ്ചായത്തിന് സമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ല എന്നും നിർവ്വഹണോദ്യോഗസ്ഥ ഓഡിറ്റ് അന്വേഷണത്തിന് മറുപടിയായി അറിയിച്ചിട്ടുണ്ട്.

പൊതുപണം വിനിയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുന്നത് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് മാത്രമായിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-17 ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ- കൂടുതൽ വില നൽകി

പ്രോജക്റ്റ് നം 101/17 (ആയുർവ്വേദാശുപത്രിക്ക് മരുന്ന് വാങ്ങൽ)

അടങ്കൽ -400000
ഫണ്ട് - മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്)
ചെലവ്-400000

ബിൽ നം 1/16-17 തീയതി 30.1.17

ആയുർവ്വേദ മെഡിക്കൽ ഓഫീസർ 14.12.16 ൽ നൽകിയ ഇൻഡന്റ് പ്രകാരം 65 മരുന്നുകളുടെ പ്രോഫോർമാ ഇൻവോയ്സ് (നം 1330/28.12.16) ഔഷധി ഫാർമസ്യൂട്ടിക്കൽസ്, തൃശ്ശൂർ ലഭ്യമാക്കി. പ്രോഫോർമാ ഇൻവോയ്സ് പ്രകാരമുള്ള മരുന്നുകളുടെ വില 400000 രൂപ ഔഷധിക്ക് ഡി.ഡി.നം 873560/31.1.17( ബിൽ നം 1/16-17 തീയതി 30.1.17) പ്രകാരം കൈമാറുകയും ഔഷധി ഫാർമസ്യൂട്ടിക്കൽസ് അധികൃതരുമായി ചേർന്ന് മെഡിക്കൽ ഓഫീസർ 60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കണമെന്ന് 9.2.17 ന് കരാർ ഒപ്പു വെച്ചിട്ടുണ്ട്. എന്നാൽ ഇൻവോയ്സ് നം 5059/31.3.17, ഇൻവോയ്സ് നം 4755/19.3.17പ്രകാരം ആകെ 95067 രൂപയുടെ മരുന്നുകൾ മാത്രമാണ് നാളിതു വരെ ലഭ്യമായിട്ടുള്ളൂ. തദ്ദേശ സ്വയംഭരണ വകുപ്പ് സർക്കുലർ നം 13160/ഡി.എ-1/2010 ; 28-11-2010 പ്രകാരം 60 ദിവസത്തിനുള്ളിൽ മരുന്നുകൾ ലഭ്യമാക്കിയിട്ടില്ലെങ്കിൽ ഔഷധിയിൽ നിന്നും നഷ്ടപരിഹാരം ഈടാക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും 9.02.17 ന് ശേഷം 60ദിവസത്തെ കാലാവധി 7.04.17 ന് അവസാനിച്ചിട്ടും ശേഷിക്കുന്ന 304933 രൂപയുടെ മരുന്നുകൾ ലഭ്യമാക്കുന്നതിനായി യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.

ഇൻവോയ്സ് നം 5059/31.3.17 പ്രകാരം ആകെ 8 ഇനത്തിൽപ്പെട്ട മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത്. എന്നാൽ ഓരോ ഇനത്തിൽ പ്പെട്ട മരുന്നുകളും രണ്ട് തവണ ഇൻവോയ്സിൽ രേഖപ്പെടുത്തുകയും ആകെ വില cost of medicine ആയി ബില്ലിൽ ഈടാക്കുകയും ചെയ്തിട്ടുണ്ട്. ഈ വിവരം ഓഡിറ്റ് അന്വേഷണത്തിലൂടെ അറിയിക്കുമ്പോൾ മാത്രമാണ് മെഡിക്കൽ ഓഫീസറുടെ ശ്രദ്ധയിൽപ്പെട്ടുന്നത്. 21.06.17 ന് മെഡിക്കൽ ഓഫീസർ നൽകിയ മറുപടിയിൽ ഇത് ഔഷധിയുടെ ഭാഗത്തു നിന്നുണ്ടായ ക്ലറിക്കൽ തെറ്റാണെന്ന് ഔഷധി അറിയിച്ചതായും തിരുത്തിയ ഇൻവോയ്സ് രണ്ടു ദിവസത്തിനുള്ളിൽ ലഭ്യമാക്കുമെന്ന് ഉറപ്പു നൽകിയതായും പറയുന്നു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രൊഫോർമ ഇൻവോയ്സ് പ്രകാരം ക്രമ നം | മരുന്നിന്റെ പേര് | അളവ് | ആകെ വില | ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ട അളവ് | സ്റ്റോക്കിലെടുത്തിരിക്കുന്നത് |
|---|---|---|---|---|---|
| 1 | ത്രിഫല ചൂർണ്ണം | 500gm, 6 bottle | 1218 | 500gm, 6 bottle | 500 gm 6 bottle |

| | | | | | |
|---|---|---|---|---|---|
| | | | | | (പേജ് നം 10) |
| 2 | ത്രിഫല ചൂർണ്ണം | 500gm, 6 bottle | 1218 | | സ്റ്റോക്കിലെടുത്തിട്ടില്ല |
| 11 | നിർഗുണ്ഡ്യാദി കഷായം | 200 ml 90bottle | 4770 | 200 ml 90 bottle | 200 ml 90 bottle (പേജ് നം 145 ) |
| 12 | നിർഗുണ്ഡ്യാദി കഷായം | 200 ml 90bottle | 4770 | | സ്റ്റോക്കിലെടുത്തിട്ടില്ല |
| 13 | ബാലഹഠാദി തൈലം | 450 ml 20bottle | 2740 | 450 ml 20 bottle | 450 ml 20 bottle (പേജ് നം 254) |
| 14 | ബാലഹഠാദി തൈലം | 450 ml 20bottle | 2740 | | സ്റ്റോക്കിലെടുത്തിട്ടില്ല |

മേൽ കാണിച്ച പ്രകാരം ഒരേ ഇനം മരുന്നുകൾ രണ്ട് തവണ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇൻഡന്റ് പ്രകാരം ആവശ്യപ്പെട്ടിട്ടുള്ളതും സ്റ്റോക്കിലെടുത്തിട്ടുള്ളതും ഒരു ഇനം ഒരു തവണ മാത്രമാണ്. എന്നാൽ ബില്ലിലെ ആകെ തുക കണക്കാക്കിയിരിക്കുന്നത് മരുന്നുകളുടെ വില രണ്ട് തവണ കണക്കിലെടുത്താണ്. മേൽ ഇൻവോയ്സ് പ്രകാരം ആകെ 63372 രൂപയുടെ ബിൽ തുക ഉണ്ടെങ്കിലും (വാറ്റ് കണക്കാക്കാതെ) 31686 രൂപയുടെ മരുന്ന് മാത്രമാണ് ലഭ്യമായിട്ടുള്ളത്. ലഭ്യമാക്കാത്ത മരുന്നിന്റെ വില കൂടി ബില്ലിൽ ഈടാക്കിയിട്ടും ഇക്കാര്യം നിർവ്വഹണോദ്യോഗസ്ഥയുടെ ശ്രദ്ധയിൽപ്പെടുകയോ യഥാസമയം ഔഷധിയെ അറിയിക്കുകയോ ചെയ്തിട്ടില്ല. സർക്കാർ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഇത്തരം നിരുത്തരവാദപരമായ സമീപനം അംഗീകരിക്കാവുന്നതല്ല. ഔഷധിയിൽ നിന്നും രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കേണ്ടതും ശേഷിക്കുന്ന 304933 രൂപയുടെ മരുന്നുകൾ എത്രയും വേഗം ലഭ്യമാക്കുന്നതിനോ അല്ലാത്ത പക്ഷം ഔഷധിയ്ക്കെതിരെ നിയമനടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതാണ്.

## 3-18 ആശ്രയ ഭവനനിർമ്മാണം പൂർത്തിയാക്കാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

പ്രൊജക്ട് - ആശ്രയ (47/17)

ചെലവ് - ബിൽ നമ്പർ - 3/24.1.17 - 9,00,000/-

ആശ്രയ ഗുണഭോക്താക്കളുടെ ഭവന നിർമ്മാണ പദ്ധതിക്കായി 2016-17 ൽ ഗ്രാമപഞ്ചായത്തിന്റെ പ്ലാൻഫണ്ടിൽ നിന്നും 9,00,000/- രൂപ സി.ഡി.എസ്സിന് നൽകിയിട്ടുണ്ട്. മൂന്ന് ഗുണഭോക്താക്കൾക്കായാണ് തുക നൽകിയത്. ഇതിൽ സീനത്ത്, കാരപ്പാടം എന്ന ഗുണഭോക്താവ് 49000/- രൂപ (ഒരു ഗഡു) മാത്രമാണ് കൈപ്പറ്റിയിട്ടുള്ളത്. തറപണി വരെ മാത്രമാണ് പൂർത്തിയാക്കിയിട്ടുള്ളത്. ബാലൻസ് തുകയായ 251000/-രൂപ സി.ഡി.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. പ്രസ്തുത ഗുണഭോക്താവിന്റെ ഭവന നിർമ്മാണം പൂർത്തിയാക്കി ധനസഹായം അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-19 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - നാളിതു വരെ മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ട് നം- 102/17-ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ

അടങ്കൽ -200000 (മെയിന്റനൻസ് ഫണ്ട് റോഡിതരം)

ചെലവ് -200000 (ബിൽ നം 1/16-17 17.1.17 )

കേരള സംസ്ഥാന ഹോമിയോപ്പതിക് കോർപ്പറേറ്റീവ് ഫാർമസിയുടെ ഇൻവോയ്സ് നം 737/21.12.16 പ്രകാരം മരുന്നുകളുടെ വിലയായി 200000 രൂപ നൽകിയിട്ടുണ്ട് . എന്നാൽ നാളിതു വരെ മരുന്നുകൾ ലഭ്യമായിട്ടില്ല. ഹോംകോയുമായി നിശ്ചിത സമയപരിധിയ്ക്കുള്ളിൽ മരുന്ന വിതരണം ചെയ്യേണ്ടതാണെന്ന് കാണിച്ച കൊണ്ട് മെഡിക്കൽ ഓഫീസർ കരാറിൽ ഏർപ്പെട്ടിട്ടില്ല. ഇത് സംബന്ധിച്ച് 23-06-17 ന് ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും വിശദീകരണം ലഭ്യമായിട്ടില്ല. എത്രയും വേഗം മരുന്നുകൾ ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-20 അങ്കണവാടികളുടെ ഭൗതികസ്ഥിതി

ഗ്രാമപഞ്ചായത്തിൽ ആകെ 43 അങ്കണവാടികൾ ഉണ്ട്. 29 എണ്ണത്തിന് മാത്രമാണ് സ്വന്തമായി കെട്ടിടമുള്ളതെങ്കിലും തീരെ മോശം ഭൗതിക സാഹചര്യമുള്ളവ ഇല്ല എന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചു. അങ്കണവാടികളുടെ പൊതു സ്ഥിതി താഴെ പറയുന്നു.

| | |
|---|---|
| ആകെ അങ്കണവാടികളുടെ എണ്ണം | 43 |
| സ്വന്തമായി കെട്ടിടമുള്ളവ | 29 |
| വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നവ | 14 |

| | |
|---|---|
| സ്ഥലം ഉണ്ടായിട്ടും കെട്ടിടം ഇല്ലാത്ത അങ്കണവാടികൾ | 2 |
| ടോയ് ലെറ്റ് ഉള്ളവ | 29 |
| ശിശു സൗഹൃദ ടോയ് ലെറ്റ് ഉള്ളവ | - |
| വൈദ്യുതി കണക്ഷൻ ഉള്ളവ | 22 |
| കുടിവെള്ളം ഉള്ളവ | 10 |
| സ്വന്തം കിണർ ഉള്ളത് | 1 |
| ചുറ്റുമതിൽ ഉള്ളത് | 24 |

അങ്കണവാടികളുടെ ഭൗതിക സാഹചര്യം മെച്ചപ്പെടുത്തുന്നതിനും വനിതാ-ശിശുക്ഷേമം ഉറപ്പു വരുത്തുന്നതിനും ശ്രദ്ധിക്കേണ്ടതാണ്.

## 3-21 തൊഴിലുറപ്പ് പദ്ധതി - വേതനം സമയപരിധിക്കകം നൽകുന്നില്ല

തൊഴിലുറപ്പ് പദ്ധതി ആക്ട് സെക്ഷൻ 3 (3), തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 06.02.15.ലെ സർക്കുലർ നമ്പർ 66791/ഡി.ഡി.2/14, തൊഴിലുറപ്പ് പദ്ധതി മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ പ്രകാരം തൊഴിലാളികൾക്ക് കൂലി ആഴ്ചയിൽ ഒരു ദിവസം നൽകേണ്ടതും ഒരു കാരണവശാലും മസ്റ്റർ റോൾ ക്ലോസ്സ് ചെയ്ത തിയ്യതി മുതൽ 15 ദിവസത്തിൽ അധികരിക്കുവാൻ പാടില്ലാത്തതുമാണെന്നും നിശ്ചിത നാൾക്കകം കൂലി ലഭ്യമാക്കിയില്ലെങ്കിൽ കാലതാമസം വരുന്ന ഓരോ ദിവസത്തിനും 0.05% നിരക്കിൽ നഷ്ടപരിഹാരം നൽകേണ്ടതുമാണെന്നും നിഷ്കർഷിച്ചിട്ടുണ്ട്.

എന്നാൽ ഗ്രാമപഞ്ചായത്തിൽ 2016 ഡിസംബർ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ ചെയ്ത പ്രവൃത്തികളുടെ കൂലിയിനത്തിൽ ആകെ 8362281/രൂപ തൊഴിലാളികൾക്ക് നല്കുവാൻ കുടിശ്ശികയുണ്ട്. കേന്ദ്ര സർക്കാരിൽ നിന്നും ഫണ്ട് ലഭ്യമാകാത്തതിനാലാണ് തുക നൽകുവാൻ കഴിയാത്തത് എന്നാണ് ഗ്രാമപഞ്ചായത്ത് അറിയിച്ചത്. കുടിശ്ശിക വേതനം തൊഴിലാളികൾക്ക് ലഭ്യമാക്കുവാനാവശ്യമായ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-22 എം.ജി.എൻ.ആർ.ഇ.ജി.എസ് - അവലോകനം

പദ്ധതി നടത്തിപ്പ് രേഖകൾ പരിശോധനക്ക് വിധേയമാക്കിയതിന്റെ അടിസ്ഥാനത്തിലുള്ള വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | സൂചകങ്ങൾ | 2016- 17 |
|---|---|---|
| 1 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3756 |

| | | |
|---|---|---|
| 2 | തൊഴിൽ കാർഡ് ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 3756 |
| 3 | തൻവർഷം അംഗീകാരം ലഭിച്ച പദ്ധതികളുടെ എണ്ണം | 397 |
| 4 | തൻവർഷത്തെ ആകെ അടങ്കൽ | 34370000 |
| 5 | തൻവർഷം നടപ്പിലാക്കിയ ആകെ പദ്ധതികളുടെ എണ്ണം | 142 |
| 6 | തൻവർഷം പൂർത്തീകരിച്ച പദ്ധതികളുടെ എണ്ണം | 142 |
| 7 | സാധന സാമഗ്രികൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെ എണ്ണം, മെറ്റീരിയൽസിന്റെ ചെലവ് | -- |
| 8 | തൻവർഷത്തെ വരവ് (പലിശ, അഡ്മിൻ ഉൾപ്പെടെ) | 31685101 |
| 9 | തൻവർഷത്തെ ചെലവ് (അഡ്മിൻ, ബാങ്ക് ചാർജ് ഉൾപ്പെടെ) | 31685198 |
| 10 | തൊഴിൽ ആവശ്യപ്പെട്ട കുടുംബങ്ങളുടെ എണ്ണം | 2139 |
| 11 | തൻവർഷം തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2139 |
| 12 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 100 |
| 13 | തൊഴിൽ ആവശ്യപ്പെട്ടിട്ടും നൽകാതിരുന്നത് എത്ര പേർക്ക്?തൊഴിൽ രഹിത വേതനം നൽകിയത് എത്ര പേർക്ക്? നൽകിയ തുക | --- |
| 14 | തൊഴിൽ സ്ഥലത്ത് സംഭവിച്ച അപകടങ്ങളുടെ എണ്ണം, ചെലവഴിച്ച തുക | --- |
| 15 | തൻവർഷം സൃഷ്ടിക്കപ്പെട്ട സ്ഥിര ആസ്തികളുടെ വിവരം (ആസ്തിയുടെ പേര്/എണ്ണം) | 11 കിണർ<br>6 കുളം |
| 16 | സ്വകാര്യ വ്യക്തികളുടെ സ്ഥലത്ത് പൊതു ആവശ്യത്തിനായി സൃഷ്ടിക്കപ്പെട്ട ആസ്തികളുടെ വിവരം (ആസ്തി, വിവരം) | 11 കിണർ<br>4 കുളം |

<u>നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം</u>

| ക്രമ | പദ്ധതികൾ | 2016-17 |
|---|---|---|

| നം. | ഉൾപ്പെടുന്ന വിഭാഗം | നടപ്പിലാക്കിയ പദ്ധതികളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|---|
| 1 | മണ്ണ്-ജല സംരക്ഷണം<br><br>(പൊതുകുളങ്ങൾ/കിണറുകൾ) | 26 | 5650773 |
| 2 | ചെറുകിട ജലസേചനം | 46 | 9834511 |
| 3 | പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 63 | 13738930 |
| 4 | IAY വീടുകൾ | 7 | 1562467 |
| | മറ്റു ചെലവുകൾ | | 898517 |
| | ആകെ | 142 | 31685198 |

അവലോകനം

| ക്രമ നം. | | 2016-17 |
|---|---|---|
| 1 | ആക്ഷൻ പ്ലാൻ പ്രകാരം ചെലവഴിക്കുവാൻ ലക്ഷ്യമിട്ട തുക | 34370000 |
| 2 | ചെലവഴിച്ച തുക | 31685198 |
| 3 | ശതമാനം | 92% |
| 4 | രജിസ്റ്റർ ചെയ്ത കുടുംബങ്ങളുടെ എണ്ണം | 3756 |
| 5 | തൊഴിൽ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 2139 |
| 6 | ശതമാനം | 57 |
| 7 | 100 തൊഴിൽ ദിനങ്ങൾ ലഭിച്ച കുടുംബങ്ങളുടെ എണ്ണം | 100 |

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സംയുക്ത പ്രൊജക്ടുകളുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 200000 | പാലിന് സബ്സിഡി | 200000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 412200 | ഉഴവ് കൂലി | 412200 | 0 |
| ജില്ലാ പഞ്ചായത്ത് | 961800 | “ | 961800 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയതിന്റെ വിവരങ്ങൾ താഴെ കൊടുക്കുന്നു. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ ലഭ്യമായില്ല.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെല വഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| വൈദ്യുതി ബോർഡ് | ലൈൻ എക്സ്റ്റൻഷൻ (221/17) | 34/30.3.17 | 153375 | - | വിനിയോഗ വിവരം ലഭ്യമായില്ല |
| ജലഅതോറിറ്റി | പൈപ്പ്ലൈൻ എക്സ്റ്റൻഷൻ (189/17) | 35/30.3.17<br>36/30.3.17<br>21/4.3.17 | 618100<br>96900<br>495000 | | വിനിയോഗ വിവരം ലഭ്യമായില്ല |
| പി.ഡബ്ല്യൂ.ഡി. ഇലക്ട്രിക്കൽ വിംഗ് | വിവിധ അങ്കണ വാടികളുടെ വൈദ്യുതീകരണം (201/17) | 28/22.3.17<br>29/22.3.17 | 50000<br>16375 | | വിനിയോഗ വിവരം ലഭ്യമായില്ല |
| കെ.എസ്.ഇ.ബി. | സമ്പൂർണ്ണ വൈദ്യുതീകരണം | ചെക്ക് നം. 2802/17.3.17 | 500275 | - | വിനിയോഗ വിവരം ലഭ്യമായില്ല |
| | സമ്പൂർണ്ണ വൈദ്യുതീകരണം | ചെക്ക് നം. 2803/17.3.17 | 185000 | - | വിനിയോഗ വിവരം ലഭ്യമായില്ല |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

വായ്പയുടെയും തിരിച്ചടച്ച തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്. ലോൺ | G.O.(Rt) 957/10/ lsgd/ 20.3.2010 (പി.ഡി.സി. ബാങ്ക്) | Sanctioned- 30018000 (21840875 പിൻവലിച്ചു) | 6771462 | 82330 | @10% സർക്കാർ നേരിട്ട് ഒടുക്കുന്നു | 6689132 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല.

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

ഗ്രാമ പഞ്ചായത്തിന്റെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ 1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 23 പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം, ഖണ്ഡിക നം. | സമാഹൃത റിപ്പോർട്ട് വർഷം, ഖണ്ഡിക നം. | വിഷയം | നിലവിലെ അവസ്ഥ |
|---|---|---|---|
| 2006-07 | 2009/10, 3-7.5(1) | 1999ൽ 5 ലക്ഷം രൂപ ചെലവഴിച്ച് നിർമിച്ച് പിട്ടുക്കാരിക്കുളമ്പ് ജലസംഭരണിയുടെ തുടർപ്രവർത്തനം 141000 രൂപ ചെലവഴിച്ച പദ്ധതി ഭൗതികലക്ഷ്യം കൈവരിച്ചിട്ടില്ല | സമിതിയുടെ പരിഗണനയിൽ |
| 2006-07 | 2009/10, 3-8.10(1) | 2 ഭവനനിർമാണ പദ്ധതി-പദ്ധതിവിഹിതം 860000 രൂപ പ്രൈമറി അഗ്രി.കോ. ഓപ്പറേറ്റീവ് ബാങ്കിൽ നൽകിയത് ക്രമപ്രകാരമല്ല. വിനിയോഗ സർട്ടിഫിക്കറ്റ് സംബന്ധിച്ച് | |

# 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 73257129 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 68595613 |
| വരവിനങ്ങളിലുള്ള നഷ്ടം | -- |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 61735 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 200614 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-4 | | 21585 | റോയ്.എം.കെ.<br>അസിസ്റ്റന്റ് എഞ്ചിനീയർ |
| 3-7 | | 40150 | ശ്രീമതി.രാധിക.കെ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| | ആകെ | 61735 | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-8 | 150000 | ശ്രീമതി.രാധിക.കെ,<br>അസിസ്റ്റന്റ് സെക്രട്ടറി |
| 3-15 | 50614 | ശ്രീമതി. മീന റസ്സൽ<br>ക്ഷീര വികസന ഓഫീസർ |
| ആകെ | 200614 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി.രാധിക.കെ<br>അസി.സെക്രട്ടറി | അസി.സെക്രട്ടറി<br>കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്ത് | ലീല മന്ദിർ<br>വടക്കഞ്ചേരി<br>പാലക്കാട്-<br>678683 |

| | | |
|---|---|---|
| ശ്രീ.റോയ് എം.കെ<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്ത് | Mapranath karan<br>House<br>maveli naagar<br>Kurianchira(P.O)<br>Thrissur- 680006 |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | റിമാർക്സ് |
|---|---|---|
| 1996-97 | LFP.10/220/03/26.06.03 | FR |
| 1997-98 | LFP.10/41/04/10.02.04 | " |
| 1998-99 | LFP.10/794/10/27.01.11 | " |
| 1999-2000 | LFP.10/795/10/27.01.11 | " |
| 2000-2001 | LFP.10/823/10/04.05.11 | " |
| 2001-2002 | LFP.10/922/10/18.05.11 | " |
| 2002-2003 | LFP.10/796/10/18.01.11 | " |
| 2003-2004 | LFP.10/797/10/18.01.11 | " |
| 2004-2005 | LFP.10/799/10/18.01.11 | " |
| 2005-2006 | LFP.10/800/10/11.01.11 | " |
| 2006-2007 | LFP.10/801/10/05.02.11 | " |
| 2007-2008 | LFP.10/1942/12/04.12.12 | " |
| 2008-2009 | LFP.10/1801(1)/12/21.01.13 | " |
| 2009-10 &<br>10-11 | LF.P10.1267/14/8.8.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2011-12 | LF.P10.1992/14/4.12.14 | ഓഡിറ്റ് റിപ്പോർട്ട് |
| 2012-13,13-14 &<br>14-15 | KSA.PKD.10/1595/15/9.2.2016 | ഓഡിറ്റ് റിപ്പോർട്ട് |
| 2015-16 | KSA.PKD.10/2301/16/28.12.2016 | ഓഡിറ്റ് റിപ്പോർട്ട് |

ഡെപ്യൂട്ടി ഡയറക്ടർ

# 1

# അനുബന്ധം-1

നം.കെ.എസ്.എ-പികെഡി10/1493/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

പാലക്കാട്

തിയതി -16-09-2017

ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 215-ാം വകുപ്പ്, ബന്ധപ്പെട്ട ചട്ടങ്ങൾ ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്.ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാന്റേർഡുകൾ അവലംബിച്ചും പാലക്കാട് ജില്ലയിലെ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

സാക്ഷപത്രത്തിൽ അന്യത്ര ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിഴക്കഞ്ചേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 ലെ വാർഷിക ധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

അപാകതകളുടെ സംക്ഷിപ്തം

1. ആസ്തി വിവരങ്ങൾ സാംഖ്യയുമായി ബന്ധിപ്പിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ആസ്തിമൂല്യം കൃത്യമല്ല.1.
2. വസ്തുനികുതി വരവ് - സഞ്ചയ പ്രകാരമുള്ള തുകയുമായി പൊരുത്തപ്പെടുന്നില്ല.
3. മുൻകൂർ രജിസ്റ്റർ പൂർണ്ണമല്ല

ഡെപ്യൂട്ടി ഡയറക്ടർ

No. KSA-PKD10/1493/2017

Kerala State Audit Department

District Audit Office

Palakkad

Date –16-09-2017

*Audit Certificate*

Certified that I have audited the Annual Financial Statement of Kizhakkenchery Gramapanchayat in Palakkad District for the year ended on 31-3-2017 in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Kerala Panchayat Raj Act 1994, the rules made there under and guidelines issued by the Comptroller and Auditor General of India for the purpose of audit of accounts of Panchayat Raj Institutions.

In my opinion, the Financial Statements of kizhakkenchery Gramapanchayat for the year 2016-17 except for the observations attached with this certificate properly presents a proper picture of income and expenditure.

Deputy Director

Abstract of Defects

1. Asset value in the Balance Sheet does not reflect the actual value since asset details are not linked with Sankhya or updated.
2. Property tax collection amount is not in accordance with sanchaya.
3. Advance Register not completed.

Deputy Director